# നവദാം പഴങ്ങൾ



കിഷൻ ചന്ദർ

3224

SAHITHYA VILASINI LIBRARY
AYATHIL.
KILIKOLLOOR P. O.
QUILON.
SPORTS CLUB & ...

3224

# ബദാംപഴങ്ങൾ

SAHITHYA VILASINI LIBRARY
AYATHIL,
KILIKOLLOOR P. O.
QUILON.
SPORTS CLUB & G...

പ്രസാധകന്മാർ

**സാഹിത്യപ്രവർത്തക സഹകരണ**

**സംഘം ലിമിറ്റഡ്**

[Malayalam]

# BADAAMPAZHAMGAL

(STORIES)

BY

KISHEN CHANDER

Translated by

K. S. P. KARTHA

First Impression November 1957

RIGHTS RESERVED

PRINTED AT THE INDIA PRESS, KOTTAYAM
Copies 1000

PUBLISHERS
SAHITHYA PRAVARTHAKA C. S. LTD.

NATIONAL BOOKSTALL
KOTTAYAM KERALA STATE

Re. 0·80

# ബദാംപഴങ്ങൾ

കിഷൻ ചന്ദർ

വിവർത്തകൻ
കെ. എസ്. പി. കർത്താ

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം — തിരുവനന്തപുരം

വില ക. 0.80

## കിഷൻചന്ദറുടെ കൃതികൾ

| | |
|---|---|
| ജ്വാലയും പൂവും | (കഥകൾ) |
| നാം കാടന്മാരാണ് | ,, |
| മഞ്ഞപ്പിത്തം | ,, |
| മൂന്നു ഗുണ്ടകൾ | ,, |
| മരണത്തിന്റെ നിറം | ,, |
| ബദാംപഴങ്ങൾ | ,, |
| ഭൂമിക്കുവേണ്ടി | (നോവൽ) |
| മരിക്കാൻവയ്യാ | ,, |

S757 B527 55/57-58 CRB124

SAHITHYA VILASINI LIBRARY
AYATHIL,
... P. O.
QUILON.

# കഥകൾ

ബദാംപഴങ്ങൾ

പ്രഹരിക്കുന്തോറും പ്രകാശം വർദ്ധിച്ചു

ഒരെഴുത്ത്—ഒരു പരിമളം

കള്ളൻ

# ബദാംപഴങ്ങൾ

ഇരുപത്തിയഞ്ചു കൊല്ലങ്ങൾക്കുശേഷം ജഗമോഹൻ പഹൽഗാമിലേയ്ക്കു മടങ്ങിവരികയാണു്. ഈ ഇരുപത്തിയഞ്ചു കൊല്ലങ്ങൾക്കുള്ളിൽ ലോകത്തിനു് എന്തെല്ലാം മാറ്റങ്ങളാണു വന്നുചേൎന്നിരിക്കുന്നതു്!....താനും എത്ര മാറിയിരിക്കുന്നു. ആദ്യം താൻ ദിവസത്തിൽ ഒരിക്കലേ ഷേവു ചെയ്തിരുന്നുള്ളു. ഇപ്പോളതു രണ്ടുപ്രാവശ്യമുണ്ടു്. സ്വന്തം വസ്ത്രങ്ങളുടെ കാൎയ്യത്തിൽ ആദ്യം അയാളെത്ര ഉദാസീനനായിരുന്നു! അയാൾക്കു് ഓൎമ്മയുണ്ടു്. ഇന്നേയ്ക്കു് ഇരുപത്തിയഞ്ചുകൊല്ലം മുമ്പു് അയാൾ പഹൽഗാമിലെത്തിയ അന്നു് അയാളൊരു ഷർട്ടും പാൻറും മാത്രമേ ധരിച്ചിരുന്നുള്ളു. അന്നു് തൻെറ ഉയൎന്ന മസ്തകവും വിസ്തൃതമായ മാറിടവും കണ്ടു് കന്യകകൾ ലജ്ജകൊണ്ടു തല കുനിച്ചിരുന്നു. ഇന്നാ മാറിടം ഉള്ളിലേയ്ക്കു വലിഞ്ഞിരിക്കുന്നു. ആ കപോലങ്ങളിൽ ചുളിവു വീണിരിക്കുന്നു.

വിസ്തൃതമായ ആ ഫാലദേശത്ത്, നിരവധി ചാലുകൾ കീറിയിരിക്കുന്നു. ഇന്നയാൾക്കു് തന്റെ വെണ്മപൂണ്ട തലമുടിനാരുകളെ കറുപ്പിക്കാൻ തൈലമുപയോഗിക്കണം. ഇന്നയാൾക്കു ഷർട്ടും പാൻറും മാത്രം പോരാ. കോട്ട്, പാൻറ്, പുറമേ ഒരു വെയ്സ്റ്റ്കോട്ടും ടൈയും അയാൾക്കത്യാവശ്യമാണു്. അയാളുടെ ശരീരത്തിന്റെ ക്ഷീണം പുറത്തറിയരുതല്ലോ. ഇരുപത്തിയഞ്ചു കൊല്ലങ്ങൾക്കു മുമ്പു് അയാളുടെ ദേഹത്തിൽനിന്നു് യുവത്വത്തിന്റെയും ആരോഗ്യത്തിന്റെയും സുഗന്ധം പ്രസരിച്ചിരുന്നു. ഇന്നാകട്ടെ, അതിനു് സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കേണ്ടിയിരിക്കുന്നു. താൻ സ്വയം വലിയ ഒരു വൃദ്ധനായിത്തീർന്നെങ്കിലും പഹൽഗാം മുമ്പിലത്തേക്കാളും സുന്ദരവും ആകർഷകവും ആയിരിക്കുന്നതായി അയാൾക്കു തോന്നി.

പഹൽഗാമിലെ മനോമോഹനമായ താഴ്വരയാണതു്. സുന്ദരവും സുപ്രഭവുമായ പുഴയും അവിടെത്തന്നെ. അതിലെ തിളങ്ങുന്ന വെള്ളം പലയിടത്തും നീലച്ചിരുന്നു; ആരോ അതിൽ വിണ്ണലിയിച്ചുചേർത്തപോലെ. ചിലയിടങ്ങളിൽ അഗാധമായ ഹരിതനിറമാണു്. വൃക്ഷങ്ങളുടെ കണ്ണാഭരണം നദിക്കു സമ്മാനിച്ചപോലെ തോന്നും. ചിലയിടങ്ങളിൽ അതിലെ കൊച്ചോളങ്ങൾ, ചെറുതും മനോഹരവുമായ ശിലാതലത്തെ തഴുകിത്താലോലിച്ചിരുന്നു; രാസക്രീഡസമയത്തു ഗോപസ്ത്രീകൾ ശ്രീകൃഷ്ണനു ചുറ്റും നൃത്തംചെയ്യുന്നപോലെ. കിഴക്കുള്ള കുന്നുകളിലെ പൊക്കമേറിയ ദേവദാരുക്കൾ കണ്ണുകളിൽ യുഗങ്ങളുടെ മഹത്വവുമേന്തി സൂര്യനെ നോക്കിക്കൊണ്ടു നില്ക്കുന്നു.

അവയുടെ നാലുപാടും പരന്നുകിടക്കുന്ന ശാഖാഭുജങ്ങൾ വനത്തിലെ പ്രകാശധോരണിയെ തങ്ങളുടെ ആലിംഗനത്തിൽ ബന്ധിക്കുന്നു. സൂര്യകിരണങ്ങൾ ദൂരെ പർവ്വതത്തിൽനിന്നു് ദേവതാരാദിമരങ്ങളിലൂടെ കീഴ്പ്പോട്ടിറങ്ങിവന്നു് ഗൃഹനായികകളെപ്പോലെ ജോലിചെയ്യുന്നു. ഓരോ ഇലയും കിരണങ്ങളുടെ ആവാസസ്ഥാനമാണു്. പ്രകാശം നിഴലിട്ടിരിക്കയാണു്. കാട്ടിൽ നാലുപാടും നിശ്ശബ്ദത നിബിഡീഭവിച്ചിരിക്കുന്നു. ചിലയിടത്തുമാത്രം നിബിഡമായ വൃക്ഷങ്ങളുടെ ഇടയിൽക്കൂടി ആകാശം കാണാം. അവിടെ സൂര്യരശ്മികൾ ഭൂമിയിലേയ്ക്കു ചോർന്നുപോരുന്നതുപോലെ തോന്നും. ഹാ! ഈ പഹൽഗാം എത്ര സുന്ദരമാണു്! പീതവർണ്ണത്തിൻെറ മാദകതയിൽ ഒട്ടിപ്പിടിച്ച ഓരോ നിമിഷവും ചെമ്പകപ്പൂവിൻെറ മണമിയലുന്നതത്രേ....ഓരോ നിമിഷവും കാമിനിയുടെ ശ്വാസോച്ഛ്വാസംപോലെ മദിച്ചുകൊണ്ടു്. ഇതു് ഇരുപത്തിയഞ്ചു കൊല്ലം മുമ്പുള്ള മനോഹരവും മാദകവുമായ അതേ പഹൽഗാമാണു്. ഈ ഇരുപത്തിയഞ്ചുകൊല്ലത്തിനിടയ്ക്കു് ലോകം എത്രമാത്രം മാറിയിരിക്കുന്നു! പക്ഷേ, ഈ പഹൽഗാമിനു മാത്രം മാററമൊന്നും വന്നിട്ടില്ല. ആ സൗന്ദര്യം, ആ സൗരഭ്യം ഇതിനിപ്പോഴുമുണ്ടു്. ജഗമോഹൻ ആലോചിച്ചു: മനുഷ്യൻ മാറിയിട്ടും പഹൽഗാമിനു് മാററമൊന്നും വരാഞ്ഞതു നന്നായി. അതു് സമസ്തസൗന്ദര്യവും ഉൾക്കൊണ്ടുകൊണ്ടു് അതേതരത്തിൽ അചഞ്ചലമായി നിലകൊള്ളുന്നു.

ജഗമോഹൻ തൻെറ ഹൃദയയവനികയിൽക്കൂടി

കഴിഞ്ഞ ഇരുപത്തിയഞ്ചുകൊല്ലങ്ങളിലെ സംഭവപരമ്പരകളെദശിച്ചു. അയാളുടെകൺമുമ്പിൽ ഒന്നാംലോകമഹായുദ്ധത്തിൻെറയും രണ്ടാംലോകമഹായുദ്ധത്തിൻെറയും ശവകുടീരങ്ങൾ ഉയിത്തെഴുന്നേററു. ഈ ശവകുടീരങ്ങൾക്കു പിന്നിൽ തൻെറ വ്യവസായശാലകളിലെ പുകക്കുഴലുകൾ പുക പുറപ്പെട്ടുവിക്കുന്നു. ആദ്യം ഒരു ക്ലോത്തുമില്ലുണ്ടായിരുന്നു. ആദ്യത്തെ മഹായുദ്ധത്തിൽ അതു് രണ്ടായി; രണ്ടാമത്തേതിൽ നാലും. എത്ര ലക്ഷം ശവകുടീരങ്ങൾക്കുശേഷമാണു് ഒരു യന്ത്രശാല ഉണ്ടായിത്തീരുന്നതു്! അയാൾക്കു തൻെറ യൂറോപ്പുയാത്രയെപ്പററി ഓമ്മവന്നു. പാരീസിലെ കാപ്പിനിമ്മാണശാലകൾ! റോമിലെ തെരുവുകളിൽ നൃത്തമാടുന്ന ആ സുന്ദരികൾ!...ബർലിനിലെ ആ യന്ത്രശാലകളിൽ ഓരോ മേശപ്പുറത്തും ഫോണുണ്ടു്—ഓരോന്നിനും ഓരോ പെൺകുട്ടിയോടാണു ബന്ധം. ഫോണെടുത്തോളൂ, പെണ്ണിനെ വിളിച്ചോളൂ! ജഗമോഹൻ ലോകം മുഴുവൻ കണ്ടു. ഹാ! ആ ലോകം എത്ര സുന്ദരമായിരുന്നു! ഈ ഇരുപത്തിയഞ്ചുകൊല്ലങ്ങൾക്കിടയിൽ ജഗമോഹൻ മതിയാവോളം ആനന്ദിച്ചു. ഹൃദയംതുറന്നു് തൻെറ ധനവും ശരീരവും ചെലവുചെയ്തു. അയാൾക്കു ചെലവാക്കാൻ വേണ്ടത്ര പണമുണ്ടായിരുന്നുവെന്നതു ശരിതന്നെ; പക്ഷേ, അതിനിടയ്ക്കു് അയാളുടെ ശരീരവും തേഞ്ഞുപോയി. വദ്ധിച്ചുവരുന്ന കൂലിനിരക്കിൽനിന്നും, കൂടിവരുന്ന ആദായനികുതിയിൽനിന്നും ഭാഗ്യവശാൽ സ്വയം രക്ഷപ്പെട്ടു് അയാൾ ബാങ്കുബാലൻസിനെ പോഷിപ്പിച്ചിരുന്നു. വെട്ടിത്തിരുത്തിയോ,വെട്ടിച്ചുരുക്കിയോ,

തട്ടിക്കിഴിച്ചോ ഒരു ത്രുപസ്സുപോലും തേമാനമുണ്ടാക്കാൻ അയാൾ അനുവദിച്ചിരുന്നില്ല. പക്ഷേ, ഇപ്പോൾ അയാളുടെ ശരീരം തേഞ്ഞുകഴിഞ്ഞിരിക്കുന്നു. അയാളതിനെ ഇഞ്ചെക്ഷൻകൊണ്ടും ടോണിക്കുകൊണ്ടും അതുപോലുള്ള മററു കൃത്രിമോപകരണങ്ങളെക്കൊണ്ടും പരിഹരിക്കാൻ ശ്രമിച്ചിരുന്നു. ഈ ശ്രമങ്ങളാകട്ടെ, ശരീരത്തോട്ട് അവിശ്വാസവും പ്രഖ്യാപിച്ചിരുന്നു. കൂലിക്കാരോടുള്ള അവിശ്വാസം അവരുടെ ബലത്തെ ക്ഷയിപ്പിക്കുന്നതുപോലെ ഈ മരുന്നുകൾ അവസാനം തൻെറ ശരീരത്തേയും നശിപ്പിക്കുമെന്നു് അയാൾക്കറിയാം. പക്ഷേ, ജീവിതം അവസാനിക്കുന്നതുവരെ തന്റെ ധനവും മനവും ആനന്ദപ്രദമാക്കാതിരിക്കുന്നതെന്തിനു്? മരിച്ചാൽ സ്വർഗ്ഗം കിട്ടുന്നതു് ദരിദ്രന്മാർക്കല്ലേ?

ജഗമോഹൻ താൻ ചാരിയിരുന്ന ദേവതാരമരത്തിനെ താങ്ങിക്കൊണ്ടു് എണീററുനിന്നു; കാരണം, കുന്നിൻ ചെരിവിൽക്കൂടി ഇറങ്ങുന്ന ഒരു കാശ്മീരസുന്ദരി അയാളുടെ കണ്ണിൽപ്പെട്ടു. അയാൾ ലോകത്തിലെ എല്ലാതരത്തിലുമുള്ള സുന്ദരിമാരെ കണ്ടിട്ടുണ്ടു്. എന്നാൽ കാശ്മീരസൗന്ദര്യം—അതൊന്നു വേറേതന്നെയാണു്. താമരപോലെ കോമളവും പനിനീർപ്പൂവുപോലെ പരിമളമിളിതവുമാണതു്. ചന്ദ്രികപോലെ ലജ്ജാലുവും വെയിൽപോലെ വെളിച്ചം വീശുന്നതുമാണതു്. കാശ്മീരിൻെറ കണ്ണുകൾ ചിലപ്പോൾ തടാകംപോലെ പ്രശാന്തമാണെങ്കിൽ മററുചിലപ്പോൾ അരുവിപോലെ ഹൃദയത്തെ ഇക്കിളിപ്പെടുത്തുന്നതാണു്. കാശ്മീരിന്റെ മാറിടം, ചിലപ്പോൾ മഞ്ഞുപോലെ

മരവിച്ചതാണെങ്കിൽ വേറേചിലപ്പോൾ കാട്ടുതീജ്വാലപോലെ ദാഹകമത്രേ. ഇത്ര മാദകമായ സൗന്ദര്യം കാശ്മീരിലല്ലാതെ മറെറങ്ങും അയാൾക്കു കണ്ടുകിട്ടിയിട്ടില്ല. തന്മൂലമാണ് പഹൽഗാമിലെ മനോഹാരിത ഇത്രയധികം കൊല്ലങ്ങൾ കഴിഞ്ഞിട്ടും അയാളെ വീണ്ടും അങ്ങോട്ട് ആനയിച്ചതു്.

പഴക്കൊട്ട ചുമന്നുംകൊണ്ടു ചെരിഞ്ഞ വഴിത്താരയിൽക്കൂടി നടന്നുപോകുന്ന കാശ്മീരിലെ സൗന്ദര്യധാമത്തെ കണ്ടപ്പോൾ ജഗമോഹന് ഇരുപത്തിയഞ്ചുകൊല്ലം മുമ്പുണ്ടായ ഒരു സംഭവം ഓർമ്മവന്നു...

ഒരുദിവസം അയാൾ പഹൽഗാമിൽനിന്നു ചന്ദനവാടിയിലേയ്ക്കുള്ള റോഡിൽക്കൂടി ഉലാത്തുകയായിരുന്നു. നടന്നു നടന്നു കുറച്ചുദൂരം ചെന്നു. സായാഹ്നത്തിലെ വെയിൽ സുഖദായകമായിരുന്നു. നടക്കുമ്പോൾ വെയിലിൻെറ ചൂടുകൊണ്ട് അയാളുടെ കവിൾത്തടം ജ്വലിക്കുകയും ഉത്തരക്ഷണത്തിൽ വായുവിൻെറ തണുത്ത തലോടൽ ചൂടിനെ ഓടിക്കുകയും ചെയ്തുകൊണ്ടിരുന്നു. ചിത്രകാരൻെറ ബ്രഷ് ഒരു രംഗം മാറ്റുന്നതുപോലെയായിരുന്നു അതു്. അയാൾ പതുക്കെപ്പതുക്കെ ഒരു മൂളിപ്പാട്ടുപാടാൻ തുടങ്ങി. പെട്ടെന്നു് അങ്ങകലെനിന്നു് ഒരു പെൺകുട്ടി പഴക്കൊട്ടയും തലയിലേന്തി പഹൽഗാമിലേയ്ക്കു പോകുന്നതുകണ്ടു. കുട്ടി അയാളുടെ അടുത്തുവന്നു പുഞ്ചിരിതൂകി; ജഗമോഹനും മന്ദഹസിച്ചു. കുട്ടി പഴക്കൊട്ട കുനിച്ചു; അയാളും സ്വയം കുനിഞ്ഞു.

“പഴത്തിനു മധുരമുണ്ടോ?”

AYASHIA KILIKOLLOOR P.O. QUILON. SPORTS CLUB & GYMNASIUM

"നോക്കാമല്ലോ."

അയാളുടെ കണ്ണുകൾ അവളുടെ കണ്ണുകളിലേയ്ക്കു് ഉററുനോക്കി.

ആ കുട്ടി കൊട്ടയിൽനിന്നു് ഒരു പഴമെടുത്തു് അയാളുടെനേക്കു നീട്ടിക്കൊണ്ടു പറഞ്ഞു: "ശരിക്കു പഴത്തതാണു്. ഒരു പാടുമില്ല. ഇതിൻെറ നിറം നോക്കൂ, സ്വർണ്ണവർണ്ണം."

അയാൾ ആ കുട്ടിയുടെ കൈകളിലെ മൃദുലതയാണു സൂക്ഷിച്ചുനോക്കിയതു്.

"വില വളരെ കുറവാണു്. കൊട്ട മുഴുവനുംകൂടി രണ്ടുരൂപയേ വരുള്ളു. മൊത്തം എടുത്തോളൂ."

അയാൾ പോക്കററിൽനിന്നു് ഒരു സിൽക്കുടവ്വലെടുത്തു താഴെ വിരിച്ചു. എന്നിട്ടു് നല്ലതുനോക്കി രണ്ടുഡസനോളം പഴമെടുത്തു് അതിൽവച്ചു. ആ വില്പനക്കാരിക്കു് എട്ടണയും കൊടുത്തു.

കുട്ടി വിസ്മയത്തോടെ അയാളുടെനേക്കു നോക്കി. "ഇതു വളരെ കൂടുതലാണല്ലോ. ഇനിയും എടുക്കാം." അവൾ പഴത്തിനുനേരെ ചൂണ്ടിക്കൊണ്ടു പറഞ്ഞു.

"പിന്നെയെടുത്തുകൊള്ളാം. നീയെവിടെയാണു താമസിക്കുന്നതു്?"

കുട്ടി പിന്നിലേയ്ക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു: "റോഡിൻെറ ആ തിരിവിൻെറ അപ്പുറത്താണെൻെറ വീടു്. വീട്ടിൽ ഈ പഴമുണ്ടാകുന്ന നാലു മരങ്ങളുണ്ടു്."

"ഞാനൊരിക്കൽ നിന്റെ വീട്ടിൽ വരാം. അവിടെ വന്നു പഴം പറിച്ചെടുത്തു തിന്നാം."

"വരില്ലേ?"

കുട്ടി കൊട്ടപൊക്കാൻ ഭാവിച്ചപ്പോഴേയ്ക്കും ജഗമോഹൻ കൈനീട്ടി കൊട്ടയെടുത്തു് അവളുടെ തലയിൽവെച്ചു. ഇരുവരുടെയും കൈകൾ തമ്മിൽ സ്പൎശിച്ചു. ആ ഒരു നിമിഷത്തിൽ യുഗങ്ങളുടെ യുവത്വം തിങ്ങിനിന്നിരുന്നു. ലോകമുണ്ടായ അന്നുമുതൽ—തീ കണ്ടുപിടിച്ച അന്നുമുതൽ—ഉള്ള ലക്ഷക്കണക്കിനു്, കോടിക്കണക്കിനു കൊല്ലങ്ങളിലെ സൃഷ്ടി ആ നിമിഷത്തിൽ തങ്ങിനിന്നു. ജഗമോഹന്റെ ശ്വാസം വേഗതയോടെ മിടിച്ചുതുടങ്ങി. എന്നാലയാൾ സ്വയം നിയന്ത്രിച്ചു; തിരിഞ്ഞു മുന്നോട്ടു നടന്നു. അയാൾ ചന്ദനവാടിയിലേയ്ക്കു്; ഇവൾ പഹൽ ഗാമിലേയ്ക്കും. അടുത്ത വഴിത്തിരിവിൽ ചെന്നു് അയാൾ അവളുടെ വീടു കണ്ടുപിടിച്ചു. അത്തരം പഴമുണ്ടാകുന്ന നാലുമരങ്ങളുള്ള വീടു്. വീടിന്റെ ഒരുഭാഗത്തു് ഒരു ചെറിയ കുന്നുള്ളതിന്മേൽ ഉള്ളിച്ചെടി പൂവുകൊണ്ടൊരു സിംഹാസനം നിൎമ്മിച്ചിരിക്കുന്നു. അയാൾ ഈ വീടിനെ എങ്ങനെ മറക്കും? അതിനുശേഷം അയാൾ ആ കുട്ടിയെ പലപ്രാവശ്യം കണ്ടു. പല പ്രാവശ്യവും അയാൾ അവളോടു പഴം മേടിച്ചു. എല്ലാ തവണയും കുറച്ചുപഴം വാങ്ങിയിട്ടു കൂടുതൽ പണം കൊടുക്കുകയാണു പതിവു്.

ഒരിക്കൽ അയാൾ പഹൽഗാമിലെ ചന്തയിൽനിന്നു ഭംഗിയുള്ള ഒരു ടവ്വൽവാങ്ങി. അതിൽ കിസ്‌മിസ്സും ബദാംപഴവും അതിന്റെ മീതെ ഒരു പത്തുരൂപാനോട്ടും

വച്ചു നല്ലവണ്ണം പൊതിഞ്ഞു. എന്നിട്ട് ഒരു വഞ്ചിക്കാരനെ അടുത്തുവിളിച്ച് ആ നാലുപഴമരങ്ങളുള്ള വീടു കാണിച്ചുകൊടുത്തുകൊണ്ടു പറഞ്ഞു: "ആ പെൺകുട്ടി എന്തെങ്കിലും കാര്യത്തിനു പുറത്തുവരുമ്പോൾ ഈ ടവ്വൽ കൊടുക്കണം. അവൾ പറഞ്ഞതെന്താണെന്നു് എൻറടുക്കൽ വന്നുപറയണം."

തദനന്തരം ജഗമോഹൻ തൻെറ ക്യാമ്പിലേയ്ക്കു മടങ്ങി വഞ്ചിക്കാരനെ പ്രതീക്ഷിച്ചിരിപ്പായി. കുറെക്കഴിഞ്ഞു് അയാൾ മടങ്ങിവന്നു. ആ നിറഞ്ഞ ടവ്വൽ അയാളുടെ കൈയിലുണ്ടായിരുന്നു. ജഗമോഹൻെറ മനസ്സൊന്നു പിടഞ്ഞു. വഞ്ചിക്കാരൻ ആ ടവ്വൽ ആട്ടിക്കൊണ്ടു്, വസന്തം വരുമ്പോൾ കാമിനിയുടെ കപോലംപോലെ തുടിക്കുന്ന ഇലകളെ വർണ്ണിച്ചുള്ള ഒരു പാട്ടുപാടിക്കൊണ്ടാണു വരുന്നതു്. "ഭാഗ്യഹീനൻ" ജഗമോഹൻ ദേഷ്യപ്പെട്ടെന്നപോലെ പറഞ്ഞു: "അവളിതാ ടവ്വൽ മടക്കിയിരിക്കുന്നു. എന്നിട്ടും ഈ പഹയനു പാട്ടുതന്നെ!"

വഞ്ചിക്കാരൻ അകത്തേയ്ക്കുവന്നിട്ട് ആ നിറഞ്ഞ സിൽക്കുടവ്വൽ ജഗമോഹൻെറ മുമ്പിൽവച്ചു. അയാൾ വിറയ്ക്കുന്ന കൈകളോടെ ടവ്വലഴിക്കാൻ തുടങ്ങി. അതിനകത്തു പത്തിൻെറ നോട്ടുമില്ല, ബദാംപഴവുമില്ല! നർഗ്ഗീസ് ചെടിയുടെ പൂക്കളുടെ ഒരു കൂമ്പാരം!

വഞ്ചിക്കാരൻ ചിരിച്ചുകൊണ്ടു പറഞ്ഞു: "സർ, സമ്മാനം?"

നാലു പഴമരങ്ങളുള്ള ആ വീട്ടിലെ അന്നത്തെരാത്രി എത്ര സുഖപ്രദമായിരുന്നു, സുമധുരമായിരുന്നു! ആ രാത്രി

യുടെ ഓർമ്മയുദിച്ചയുടനെ ജഗമോഹൻെറ ഹൃദയത്തിലെ മുക്കും മൂലയും മത്തുപിടിച്ചു. അയാൾ വേഗംനടന്നു്, താഴെ പഴക്കൊട്ടയുമേന്തി നടക്കുന്ന യുവതിയുടെ അടുത്തെത്തി.

ആ വനിത തൻെറ പഴക്കൊട്ട കുനിച്ചു; അയാളും സ്വയം കുനിഞ്ഞു.

കൊട്ടയിൽ ബദാംപഴമായിരുന്നു.

"മധുരമുണ്ടോ?" ജഗമോഹൻ ചോദിച്ചു.

"തിന്നുനോക്കാമല്ലോ."

"തിന്നുനോക്കാമോ?" ജഗമോഹൻ തീക്ഷ്ണമായ ഒരു കടാക്ഷത്തോടെ ചോദിച്ചു.

ആ കാശ്മീരവനിതയുടെ കപോലങ്ങൾ ആപ്പിൾപഴത്തേക്കാൾ ചുമന്നു. അവളുടെ കാതിലെ വെള്ളികൊണ്ടുള്ള ലോലാക്കുകൾ കൂടുതൽ വെട്ടിത്തിളങ്ങി.

"ആവാം." അവൾ സ്വരംതാഴ്ത്തിപ്പറഞ്ഞു.

അവളുടെ കൂടെ ഏഴെട്ടുവയസ്സുള്ള ഒരു കുട്ടിയും ഉണ്ടായിരുന്നു. അവളവനോടു പറഞ്ഞു: "കുഞ്ഞേ, സാറിനൊരു പഴമെടുത്തു കൊടുക്കൂ."

"ഇതു നിൻെറ കുഞ്ഞാണോ?"

"അതെ." സ്ത്രീയുടെ കൈകൾ കുട്ടിയുടെ തലയിൽ തലോടാൻ തുടങ്ങി.

"ഇവൻെറ പേരെന്താ?"

"ഖാദർ" അവളഭിമാനത്തോടെ പറഞ്ഞു.

ഖാദർ ജഗമോഹൻെറനേക്കു നോക്കി മന്ദഹസിച്ചു.

ജഗമോഹൻ ഒരു പഴമെടുത്തു സ്വാദുനോക്കി.

എന്നിട്ടയാൾ പോക്കററിൽനിന്നൊരു സില്ക്കടവ്വലെടുത്തു നിവത്തി, കുറച്ചു പഴം അതിൽ വാരിയിട്ടു. ഒരുരൂപ ആ സ്ത്രീയ്ക്കും എട്ടണ കുട്ടിക്കും കൊടുത്തു.

"ഇതെന്തിനാ?"

"കുട്ടിയല്ലേ, മിഠായി വാങ്ങിച്ചോട്ടേ."

"ആ്" ഖാദർ പറഞ്ഞു: "ഞാൻ മിഠായി വാങ്ങിക്കും." അവൻ ആ എട്ടണ പോക്കററിൽ നിക്ഷേപിച്ചു.

കൃഷ്ണവണ്ണമായ ഒരുപിടി തലമുടി അവളുടെ മുഖത്തേയ്ക്കുവന്നു. അവളതു പിന്നോട്ട് ഒതുക്കിക്കൊണ്ടു പറഞ്ഞു: "സാറേ, ഈ കൊട്ടയൊന്നു പൊന്തിച്ചുതരു."

ജഗമോഹൻെറ കൈകൾ ആ സ്ത്രീയുടെ കൈകളിൽ തൊട്ടു. അപ്പോൾ അയാൾക്ക് ഇരുപത്തിയഞ്ചുകൊല്ലം മുമ്പുള്ള, ആ നാലുപഴമരങ്ങളുള്ള വീട് ഓമ്മവന്നു. എന്നാൽ ആ ഓമ്മയോടനുബന്ധിച്ച് അയാളുടെ സിരകളിൽ ഇരുപത്തിയഞ്ചുകൊല്ലം മുമ്പുണ്ടായിരുന്ന ആ ചൂട്, ആ സംഗീതം ഉല്പന്നമായില്ല. ഈ നിമിഷത്തിനും ആ നിമിഷത്തിനും ഇടയ്ക്ക് നൂറുകണക്കിനു സ്ത്രീകളുടെ വിരലുകൾ കാണാം. അവർ കൈകളിൽ പവനും ഡോളറും ഫ്റാങ്കും ഏന്തിക്കൊണ്ട് അടിമച്ചന്തയിൽ തങ്ങളുടേതായ സവ്വസ്വവും വില്ക്കുകയാണ്. അവർ വിലപേശുകയാണ്. എത്രകഴിഞ്ഞിട്ടും ആ വിലപേശൽ വിലപേശലായിത്തന്നെ അവശേഷിക്കുന്നു. അതൊരിക്കലും സംഗീതമായി മാറുന്നില്ല.

ജഗമോഹൻ ആ സ്ത്രീയെ വ്യാവസായികമായ ദൃഷ്ടി

SAHITHYA VILASINI LIBRARY AYATHIL, KILIKOLLOOR P.O. QUILON.

യോടെ ആപാദചൂഡം നോക്കി പരിശോധിച്ചു. തൂക്കി നോക്കി. എന്നിട്ടാലോചിച്ചു. ഇവൾക്കു് എന്തുവില കിട്ടും? പിന്നീട്ട് അയാൾ പുഞ്ചിരിതൂകികൊണ്ടു് ബദാം പഴവും തിന്നുകൊണ്ടു റോഡിലൂടെ നടന്നുപോയി.

അയാൾ സാവധാനം ആ സ്ത്രീയിൽനിന്നകന്നു്, എന്നാൽ കണ്ണിൽനിന്നും മറയാതെ, പൊയ്ക്കൊണ്ടിരുന്നു. ഇടയ്ക്കു് ആ യുവതിയും അയാൾ തന്നെ പിന്തുടരുന്നുണ്ടോ എന്നറിയാൻ തിരിഞ്ഞുനോക്കിയിരുന്നു. എങ്കിലും ആരും ഒന്നും മിണ്ടിയില്ല.

സന്ധ്യയായപ്പോഴേയ്ക്കും ആ സ്ത്രീ കൊട്ട മുഴവൻ വിററുകൊണ്ടു വീട്ടിലെത്തി. പാലത്തിനക്കരെ പുഷ്പവല്ലികളണിഞ്ഞ ഒരു കൊച്ചുവീട്ടിലാണു് അവൾ താമസിക്കുന്നതു്. ജഗമോഹൻ കുറെനേരം ആ പൂക്കളെ നോക്കിക്കൊണ്ടുനിന്നു. എന്നിട്ടു തിരികെപോന്നു.

അതിനുശേഷം പല തവണയും അവർ തമ്മിൽ കണ്ടുമുട്ടി. പല തവണയും അയാൾ അവളോട്ടു ബദാം പഴം വാങ്ങി, അമ്മയ്ക്കു് അതിൻെറ വിലയും മകനു മിഠായിക്കുള്ള പൈസയും കൊട്ടുത്തുപോന്നു. ജഗമോഹനും ഖാദറും വലിയ കൂട്ടുകാരായി.

ഒരുദിവസം ജഗമോഹൻ ബസാറിൽനിന്നു സുന്ദരമായ ഒരു കാശ്മീരിടവ്വൽ വാങ്ങിച്ചു. അതിൽ കുറച്ചു കിസ്മിസ്സും അതിൻെറ പുറത്തൊരു പത്തുരൂപാനോട്ടും വച്ചു. എന്നിട്ടു് ആ ടവ്വൽ ഖാദറിൻെറ കൈയിൽ കൊട്ടുത്തുകൊണ്ടു പറഞ്ഞു: "ഇതമ്മയ്ക്കു കൊട്ടുക്കണം. എന്നിട്ടു്

അമ്മയെന്താണു പറഞ്ഞതെന്നു് എന്നോടു വന്നു പറയണം.''

ഖാദർ പുഞ്ചിരി പൊഴിച്ചുകൊണ്ടു പറഞ്ഞു: ''അങ്ങനെതന്നെ.''

സൂര്യൻ ചക്രവാളത്തിനടുത്തു മറയാൻ ഭാവിക്കുമ്പോഴാണു ഖാദർ ജഗമോഹൻെറ ക്യാമ്പിൽ എത്തിയതു്. ഇതിനിടക്കു ജഗമോഹൻ ഷേവുചെയ്തു് സുഗന്ധലേപനം ചെയ്തിരുന്നു. കൈയിൽ ഒരു സൂചിയുമെടുത്തു് എല്ലാത്തരത്തിലും തയ്യാറായിക്കൊണ്ടു പ്രസന്നഭാവത്തിൽ ഇരിക്കയായിരുന്നു.

ഖാദർ ടവ്വലാട്ടിക്കൊണ്ടു വന്നുചേൎന്നു. നിറഞ്ഞ ടവ്വൽ! ജഗമോഹൻെറ കണ്ണുകളിൽ പൂക്കൾ വിടൎന്നുകൊണ്ടേയിരുന്നു. കാശ്മീരസുന്ദരി തൻെറ നൂറുകണക്കിനുള്ള നൎഗ്ഗീസ്നയനങ്ങളാൽ തന്നെ നോക്കുന്നതായി അയാൾക്കുതോന്നി. ഖാദർ അടുത്തുവന്നു നിറഞ്ഞ ടവ്വൽ ജഗമോഹൻെറ മുമ്പിൽ വെച്ചുകൊടുത്തു. ജഗമോഹൻ വിറയ്ക്കുന്ന കൈകൾകൊണ്ടു് അതഴിച്ചു.

ടവ്വലിൽ കിസ്മിസ്സില്ല. ഒരു കീറിപ്പറിഞ്ഞ പഴയ ചെരിപ്പിൽ ആ പത്തുരൂപാനോട്ടു വച്ചിരുന്നു. ആരോ ആ കീറിയചെരിപ്പു തൻെറ മുഖത്തു വലിച്ചെറിയുന്നതായി ജഗമോഹനു തോന്നി. കോപംകൊണ്ടയാളുടെ മുഖം ജ്വലിച്ചു.

എരിയുന്ന കണ്ണുകളോടെ അയാൾ ഖാദറിനോടു ചോദിച്ചു: ''ഇതെന്താണിതു്?''

അതിനുത്തരമായി ഖാദറൊന്നു പുഞ്ചിരിതൂകി. പിന്നെ ചിരിച്ചു; പിന്നീട്ട് ഉറക്കെ ചിരിച്ചു. എന്നിട്ട് അട്ടഹസിച്ചുകൊണ്ട് ഓടി ആ കുന്നിൻചെരിവിലേയ്ക്കു് ഇറങ്ങിപ്പോയി.

അകലെവരെ ജഗമോഹൻെറ കാതുകളിൽ ആ കുട്ടിയുടെ അട്ടഹാസം അലതല്ലിയിരുന്നു!

പുതിയ കാശ്മീരിൻെറ പൊട്ടിച്ചിരി!

# പ്രഹരിക്കുന്തോറും പ്രകാശം വൎദ്ധിച്ചു

ഏകാന്തമായ സമുദ്രതീരം. സമുദ്രം ഉറങ്ങുകയാണു്. ആകാശത്തു് ചന്ദ്രൻ പ്രശോഭിക്കുന്നു. ഞാൻ ചന്ദ്രനോടു പറഞ്ഞു: "എനിക്കങ്ങയോടു ചിലതു പറയാനുണ്ടു്."

"ആയിക്കോളൂ." ചന്ദ്രൻ മന്ദഹാസത്തോടെ പറഞ്ഞു. അപ്പോൾ ചന്ദ്രിക നാലുപാടും പരക്കുന്നുണ്ടായിരുന്നു.

ഞാൻ മിണ്ടാതെ മണൽത്തിട്ടിലേയ്ക്കു് നോക്കി. എങ്ങനെയാണു് തുടങ്ങേണ്ടതെന്നറിഞ്ഞുകൂടാ. മണൽപ്പുറം മൗനമായി കിടക്കുന്നു. നിലാവുമൂലം അതിൻെറ അററത്തു ചളിപുരണ്ടതുപോലെ തോന്നും. എന്നെ ഉത്സാഹപ്പെടുത്തുന്ന, എന്നെ സംസാരിക്കാൻ പ്രേരിപ്പിക്കുന്ന ഒരു ശോഭ അതിൽ കാണാനില്ല. ഞാനങ്ങു ദൂരെവരെ നോക്കി. പക്ഷേ, മണൽപ്പുറത്തിനു് എന്നെ കാണാൻ കഴിഞ്ഞില്ല. അതിനു കണ്ണില്ലല്ലോ. അതു് മാറിടം തുറന്നിട്ടു് സമുദ്രതടത്തിലങ്ങനെ കിടക്കുന്നു. അങ്ങുമിങ്ങും, നീണ്ടു് വിരൂപമായ—ബ്ലേഡ്പോലെ മൂർച്ചയുള്ള അഗ്രങ്ങളോടുകൂടിയ പുല്ലു മുളച്ചിരിക്കുന്നു. അകലെനിന്നുവരുന്ന തിരമാലകൾ മണൽത്തിട്ടിലടിച്ചു് മടങ്ങിപ്പൊയ്ക്കൊണ്ടിരുന്നു. അവ തങ്ങളുടെ ഓൎമ്മയ്ക്കായി മുത്തുച്ചിപ്പിയും നുരയും പതയുമൊക്കെ അവിടെ വെടിഞ്ഞുപോയിട്ടുണ്ടു്. ആ പത

കൾ ആ മൂർച്ഛയേറിയ പുല്ലുകളിൽ കുരുങ്ങിയിരുന്നുകൊണ്ടു് ഇവിടെയാരോ വന്നിരുന്നു എന്നു പറയുന്നു.

"എന്താ മിണ്ടാത്തതു്?" ചന്ദ്രൻ ചോദിച്ചു.

ഞാൻ പറഞ്ഞു: "ഒരു പെൺകുട്ടിയുണ്ടു്."

"പെൺകുട്ടിയോ?" ചന്ദ്രൻ തെല്ലൊന്നു പുഞ്ചിരിതൂകി.

"ഞാനവളെ പ്രേമിക്കുന്നു."

"പ്രേമം!" ചന്ദ്രൻ നക്ഷത്രങ്ങളോടായിട്ടു പറഞ്ഞു: "എന്നോടാരും വേറൊരു കാര്യവും പറഞ്ഞിട്ടില്ല. എപ്പോൾ നോക്കിയാലും ഈ പ്രേമംതന്നെ. ആയിരക്കണക്കിനു കൊല്ലങ്ങളായി ഈ ഒരൊററ കാര്യമേ കേൾക്കാനുള്ളു. ആരെക്കണ്ടാലും അയാൾക്കിതേ പറയാനുള്ളു. എന്താണനുജാ, ആരും എന്നോടു വേറൊരു കാര്യത്തെപ്പററി സംസാരിക്കാത്തതു്?"

"അങ്ങു് മൃദുലഹൃദയനായ കുമുദബാന്ധവനാണു്." ഞാൻ ചന്ദ്രനോടു പറഞ്ഞു: "ഇതു പറയൂ, സൂര്യനോടാരെങ്കിലും ഇന്നുവരെ പറഞ്ഞിട്ടുണ്ടോ, ഞാനൊരു യുവതിയെ സ്നേഹിക്കുന്നുവെന്നു്. സൂര്യൻ വളരെ കഠോരനായിട്ടാണു് കാണപ്പെടുന്നതു്. അദ്ദേഹത്തെ കണ്ടാൽ ഒരു കാരിരുമ്പിന്റെ പ്രതീതിയാണുണ്ടാവുക; കാമിനിയുടെയല്ല."

ചന്ദ്രൻ പറഞ്ഞു: "നീയൊരു കാമുകനെപ്പോലെ പ്രഗത്ഭനാണു്. നിനക്കു് സംസാരിക്കാനറിയാം. എന്താ, പറയൂ."

ഞാൻ പറഞ്ഞു: "ഒരു പെൺകുട്ടിയുണ്ടു്."

ചന്ദ്രൻ പറഞ്ഞു: "അതു കേട്ടുകഴിഞ്ഞു. എവിടെയാണവൾ? ഇപ്പോൾ നിൻെറകൂടെ കാണാത്തതെന്തേ?"

ഞാൻ പറഞ്ഞു: "ഇവിടെനിന്നു് കുറെയകലെ ഒരു പട്ടണമുണ്ടു്. അവിടെയൊരിടത്തു് ഒരു തെരുവുണ്ടു്. ആ തെരുവിൽ ഒരിടത്തൊരു വീടുണ്ടു്. ആ വീട്ടിലൊരു മുറിയുണ്ടു്......"

ചന്ദ്രൻ പറഞ്ഞു: "ഞാനവിടത്തെ ജന്നലിൽക്കൂടി നോക്കിക്കാണുന്നുണ്ടു്, അവളിപ്പോൾ കട്ടിലിൽക്കിടന്നു് നിന്നെയോൎത്തു കണ്ണുനീർ പൊഴിക്കയാണു്...പിന്നെ—?"

ഞാൻ പറഞ്ഞു: "ഞങ്ങൾ പരസ്പരം കണ്ടുകൂടാ. ചന്ദ്രദേവാ, ഞങ്ങൾക്കു പരസ്പരം കാണാനേ വയ്യ. അവളുടെ അച്ഛനമ്മമാരും എൻെറ മാതാപിതാക്കന്മാരും തമ്മിൽ—അവളുടെ ജാതിമതങ്ങളും എൻെറ ജാതിമതങ്ങളും തമ്മിൽ—അവളുടെ ആചാരോപചാരങ്ങളും എൻെറ ആചാരോപചാരങ്ങളും തമ്മിൽ വ്യത്യാസമുണ്ടു്. അതുകൊണ്ടു് ഞങ്ങൾതമ്മിൽ പൊരുത്തം പാടില്ല."

ചന്ദ്രൻ ചോദിച്ചു: "നിങ്ങളുടെ കണ്ണുകൾ തമ്മിൽ പൊരുത്തപ്പെട്ടിട്ടുണ്ടോ?"

"ഉവ്വ്."

"നിൻെറ കൈവിരലുകളും അവളുടെ കൈവിരലുകളും തമ്മിൽ സ്പൎശിച്ചു് ഏതാണു് നിൻേറതെന്നും ഏതാണവളുടേതെന്നും തിരിച്ചറിയാൻ സാധിക്കാതെ വന്നിട്ടുണ്ടോ?"

"ഉവ്വ്."

"നിൻെറ ചുണ്ടുകളും അവളുടെ ചുണ്ടുകളുമായി ഒരി

ക്കലും അവസാനിക്കാത്ത വിധത്തിൽ സ്വകാര്യം പറഞ്ഞിട്ടുണ്ടോ?''

''ഉവ്വ്.''

ചന്ദ്രൻ ചോദിച്ചു: ''ഈ ചുണ്ടുകളും, ഈ കണ്ണുകളും ഈ വിരലുകളും തമ്മിൽ സംസാരിച്ചതിന്റെ സാരം നീയൊരു വിധത്തിലും അവൾ മറെറാരു വിധത്തിലുമാണോ ധരിച്ചതു്?''

''അല്ല. ഞങ്ങളിരുവരും ഒരേ വിധത്തിലാണു് ധരിച്ചതു്.''

''നീയവളുടെ കേശഭാരത്തിൽ പനിനീർപ്പൂവണിഞ്ഞപ്പോൾ അവൾക്കനുഭവപ്പെട്ട ഗന്ധവും നിനക്കനുഭവപ്പെട്ട ഗന്ധവും ഒന്നായിരുന്നുവോ?''

''അതെ. ഞങ്ങൾക്കിരുവക്കും ഒരേ സുഗന്ധമാണു് തോന്നിയതു്.''

''എന്നാൽ മതി.'' ചന്ദ്രൻ നിർണ്ണായകസ്വരത്തിൽ പറഞ്ഞു: ''എന്നാൽ, ആ ഒരു കാര്യമേ, ആ ഒരു സുഗന്ധമേ സത്യമായിട്ടുള്ളു. ബാക്കിയെല്ലാം മിഥ്യയാണു്.''

''പിന്നെയെന്താണു് ആ മിഥ്യ സത്യത്തെ ജയിച്ചുനില്ക്കുന്നതു്? അവൾക്കു് എന്തുകൊണ്ടാണു് എന്നെ കാണാൻ പാടില്ലാത്തതു്? എന്തുകൊണ്ടാണു് ഞങ്ങൾക്കു വെവ്വേറെ വഞ്ചി തുഴയേണ്ടി വരുന്നതു്? ഇതൊന്നു പറഞ്ഞുതരു.''

''നോക്കു.'' ചന്ദ്രൻ പറഞ്ഞു. ''പ്രേമം ആവേശമല്ല; പ്രായോഗികതയാണു്. അതു സാങ്കൽപികമല്ല. പുതിയതും പഴയതും തമ്മിലുള്ള—സുന്ദരവും അസുന്ദരവുമായ

വസ്തുക്കൾ തമ്മിലുള്ള—ഈ യുദ്ധത്തിൽ ചിലപ്പോൾ മിഥ്യ സത്യത്തെ ജയിക്കുമായിരിക്കും. ചിലയിടത്തു് ചിലപ്പോൾ രണ്ടു ജീവിതങ്ങളല്ല, രണ്ടു ശവകുടീരങ്ങളാണു് ഒരുമിക്കുക. അപ്പോഴും, നോക്കു, പ്രേമം എവിടെത്തുടങ്ങി എവിടെ അവസാനിക്കുന്നു? ഒരുകാലത്തു കാമുകൻ കാമിനിയുടെ തലമുടിക്കു പിടിച്ചു വലിച്ചു് ഗുഹയിലേക്കു കൊണ്ടുപോയിരുന്നു. ഇന്നവൻ അവളുടെ അളകങ്ങളെ പ്രകീത്തിക്കുന്നു. ഒരു കാലത്തു് സ്ത്രീ അഞ്ചുപേരെ വിവാഹം കഴിച്ചിരുന്നു; പുരുഷൻ അഞ്ഞൂറുപേരെയും. ഇന്നു നോക്കൂ, തമസ്സെത്ര കുറഞ്ഞിരിക്കുന്നു! ആയിരക്കണക്കിനു് ജീവിതങ്ങളുടെ പടിവാതിലുകൾ പ്രേമംമൂലം പ്രകാശിക്കുന്നു!''

''എനിക്കറിയാം.'' ഞാൻ പറഞ്ഞു.

''അവൾക്കുമിതറിയാമോ?'' ചന്ദ്രൻ ചോദിച്ചു.

ഞാൻ പറഞ്ഞു: ''അവൾക്കുമറിയാം.''

''എന്നിട്ടും നിങ്ങൾക്കു് ഒരുമിക്കാൻ ഒത്തില്ലേ?'' ചന്ദ്രൻ ചോദിച്ചു.

ഞാൻ മൂകനായി തലകുനിച്ചു. ഒടുവിൽ പതുക്കെപ്പറഞ്ഞു: ''അവൾ പറയുകയാണു്—''

ചന്ദ്രൻ ഇടക്കുകയറിപ്പറഞ്ഞു: ''അവളെന്താണു പറയുന്നതെന്നു് നീ പറയേണ്ട. അവളെന്നോടു പറയട്ടെ, ആ കുട്ടിയെ ഒന്നെൻെറ മുമ്പിൽ കൊണ്ടുവരൂ!''

ഇത്രയും പറഞ്ഞു് ചന്ദ്രൻ മേഘപ്പുതപ്പെടുത്തു പുതച്ചു് ആകാശത്തിൻെറ നീലിമയിൽ കിടന്നുറങ്ങി.. ഞാൻ സമുദ്രതടത്തിൽനിന്നു നിരാശനായി മടങ്ങിപ്പോന്നു.

പിന്നിട്ട് ചന്ദ്രികാചർച്ചിതങ്ങളായ എത്രയോ രാത്രികൾ കടന്നുപോയി! സുമങ്ങളിലെ സുഗന്ധവുമായി മന്ദപവനൻ എത്രയോ ദൂരെനിന്നു് വന്നണഞ്ഞു! തിരമാലകൾ സമുദ്രത്തിൽനിന്നു വളരെയധികം ചിപ്പികളും താരങ്ങളെപ്പോലെ തിളങ്ങുന്ന കക്കകളും കൊണ്ടുവന്നു. എങ്കിലും കടലും കരയും ഗഗനവും ഒത്തുചേർന്നു് സജ്ജമാക്കിയ ആ സൗന്ദര്യം ഇതുവരെയുണ്ടായില്ല. മുക്കുവന്മാർ തങ്ങളുടെ വഞ്ചികളിലെ കാററുപായ നിവർത്തിക്കൊണ്ടു് ദൂരദൂരം മുഴങ്ങുന്നവിധത്തിൽ കൂകിവിളിച്ചു. വെള്ളത്തിനടിയിൽക്കിടന്നു നീന്തുന്ന മത്സ്യങ്ങൾ പരിഭ്രമിച്ചു് നാലുപാടും നോക്കിത്തുടങ്ങി. കേരവൃക്ഷങ്ങളുടെ മയിൽപ്പീലികളിലിരുന്നു് കാററു ശ്രദ്ധയോടെ ഇടയ്ക്കിടയ്ക്കു് ആരുടെയോ കാലൊച്ച കേൾപ്പിച്ചുകൊണ്ടിരുന്നു. സമുദ്രത്തിന്റെ വികലാംഗുലികൾ തീരത്തിലെ വീണക്കമ്പികൾ മുറുക്കി ഒരു വിലാപഗാനം ആലപിച്ചുകൊണ്ടിരുന്നു. എന്നിട്ടും അവൾ വന്നില്ല. ഞാൻ കാത്തിരുന്നു; ചന്ദ്രനും കാത്തിരുന്നു. പക്ഷേ, അവൾ വരികയുണ്ടായില്ല.

ഒടുവിൽ അവൾ വന്നു. കടലോ കടൽക്കരയോ കലാനിധിയോ ഇല്ലാത്ത ഒരു രാത്രിയിൽ അവൾ വന്നു. ഇരുട്ടു നിറഞ്ഞ ഒരു മുറിയിൽ ഉന്മാദകമായ ഒരു സോഫയുണ്ടായിരുന്നു. പൂത്തട്ടുകളിൽ പനിനീർപ്പൂവുണ്ടായിരുന്നു. റേഡിയോവിൽനിന്നു് സംഗീതത്തിന്റെ മുഗ്ധസ്വനം മുഴങ്ങിയിരുന്നു. അവളെന്റെ അടുത്തിരുന്നുകൊണ്ടു പറഞ്ഞു: "ഞാനങ്ങയെ വരിച്ചാൽ അമ്മ വിഷംകുടിച്ചു ചാവുമെന്നെന്നോടു പറയുന്നു."

ഞാൻ പറഞ്ഞു: "എന്റെ അച്ഛൻ ജീവനോടെയിരിക്കുമ്പോൾ ഈ വിവാഹം അനുവദിക്കയില്ലെന്നു പറയുന്നു. എന്റെ അച്ഛൻ എത്രവലിയ മഹാനാണെന്നു് നിനക്കറിയാമോ? സ്വപ്നാ, ഈ നാട്ടിലെ പത്രങ്ങളുടെ തലക്കെട്ടിനോട്ടുപോലും അദ്ദേഹത്തിനു ഭയമാണു്."

സ്വപ്നപറഞ്ഞു: "എന്റെ ചേട്ടൻ നിങ്ങളെ വെടിവച്ചു കൊല്ലുമെന്നും പറയുന്നു."

ഞാൻ പേടിയോടെ പറഞ്ഞു: "ഇനിയെന്തു ചെയ്യും?"

സ്വപ്ന പറഞ്ഞു: "അവർ അടുത്ത മാസത്തിൽ എന്റെ വിവാഹം തീർച്ചപ്പെടുത്തിയിരിക്കയാണു്! ഇതു പറഞ്ഞു് അവൾ തേങ്ങിത്തേങ്ങിക്കരഞ്ഞുതുടങ്ങി.

ഞാനും കരയാൻ തുടങ്ങി.

ഞങ്ങൾ ഒരുമിച്ചിരുന്നു കരഞ്ഞു. കുറെ കരഞ്ഞുകഴിഞ്ഞപ്പോൾ ജീവൻ പോയാലും ഈ പ്രേമത്തിൽനിന്നു പിന്മാറുകയില്ലെന്നു ഞങ്ങൾ തീരുമാനിച്ചു.

"അങ്ങയെക്കൂടാതെ എനിക്കു ജീവിക്കാൻവയ്യ." സ്വപ്ന എന്റെ കഴുത്തിൽ കൈയിട്ടുകൊണ്ടുപറഞ്ഞു.

"എനിക്കു നിന്നെക്കൂടാതെയും." എന്റെ ചുണ്ടുകൾ അവളുടെ ചുണ്ടുകളോടു പറഞ്ഞു.

സ്വപ്ന ഒരു നെടുവീർപ്പുവിട്ടുകൊണ്ടു പറഞ്ഞു: "ഈ ലോകമെത്ര ക്രൂരമാണു്. നമ്മെ ജീവിക്കാൻപോലും അനുവദിക്കുന്നില്ല. സൈ്വരമായി പ്രണയിക്കാൻ പോലും സമ്മതിക്കുന്നില്ല. നാം ലോകരോടു് ഒന്നും യാചിക്കുന്നി

ല്ലല്ലോ. നമുക്കു പ്രേമിക്കുകയേ വേണ്ടൂ. നമുക്കു പോകാം.'' സാച്ചിന്ന് അല്പം ധൈര്യം കൈവന്നതുപോലെ തോന്നി.

''വരൂ, നമുക്ക് സമുദായത്തോടു സമരംചെയ്യാം.'' ഞാൻ പറഞ്ഞു.

''അയ്യോ. സമരമൊന്നും വേണ്ട. എനിക്കു പേടിയാവുന്നു.''

ഞാനൊന്നും മിണ്ടിയില്ല.

നിശ്ശബ്ദത ഗൗരവം പ്രാപിച്ചു. സാച്ചിയുടെ തേങ്ങൽ കുറുകിക്കുറുകി വന്നു. ഒടുവിലവൾ കണ്ണുതുടച്ചു. ചുണ്ടുകളിലെ ലിപ്സ്റ്റിക്ക് ശരിപ്പെടുത്തിക്കൊണ്ടവൾ പറഞ്ഞു: ''എനിക്കു തോന്നുന്നതു് നമുക്ക് ഒരുമിച്ച് ആത്മഹത്യ ചെയ്യാമെന്നാണ്.''

''അതെ, ഇപ്പോഴത്തെ സ്ഥിതിയേക്കാൾ ഭേദം അതാണെന്നു തോന്നുന്നു.'' ഞാൻ സാവധാനത്തിൽ അവളെ ആശ്ലേഷിച്ചുകൊണ്ടു പറഞ്ഞു: ''നമുക്ക് ഒരുമിച്ച് ജീവിക്കാൻ ഒക്കുകയില്ലെങ്കിൽ ഒരുമിച്ച് മരിക്കാം. പക്ഷേ, എങ്ങനെയാണ് മരിക്കുക?''

''ഹ ഹ ഹ!'' സാച്ചി ചിരിച്ചു: ''അതിനാണോ വിഷമം? ചന്തയിൽനിന്ന് രണ്ടു കയറുവാങ്ങിക്കൊണ്ടുവന്ന് കുരുക്കിട്ട് അതിൽ കഴുത്തിറുക്കി ചാവണം.''

''സംഗതിയെളുപ്പമാണ്.'' ഞാൻ തലയാട്ടിക്കൊണ്ടു പറഞ്ഞു. ''തൂങ്ങുമ്പോൾ കയർ പൊട്ടിപ്പോവുകയോ കുടുക്കഴിയുകയോ ചെയ്താലോ? അല്ലെങ്കിൽ ഒരാളങ്ങു മരിച്ചു, മറേറയാൾ രക്ഷപ്പെട്ടുവെന്ന് വന്നാലോ?''

ആലോചിച്ചാലോചിച്ച് ഞങ്ങൾ ആ പ്ലാൻ റദ്ദു ചെയ്തു.

"പിന്നെയെന്തു ചെയ്യും?" സപ്ജ്ഞയുടെ വിശാലമായ ചകിതനയനങ്ങൾ പരിഭ്രമത്താൽ ഒന്നുകൂടി വലുതായി.

"വേഗം വേറൊരു പ്ലാൻ പറയൂ."

ഞാൻ പറഞ്ഞു: "ചന്തയിൽനിന്നു കുറച്ചു വിഷം മേടിച്ചു കൊണ്ടുവന്നു......"

"അയ്യോ, വേണ്ട." സപ്ജ്ഞ ഉടനെ പറഞ്ഞു: "വിഷം തിന്നാൽ മുഖം വിരൂപമാവും. എന്റെ ഒരു കൂട്ടുകാരി പ്രണയത്തിൽപ്പെട്ടു വിഷം കഴിച്ചു. അവളുടെ മുഖം ഞാനിപ്പോഴും ഓക്കുന്നു." സപ്ജ്ഞയുടെ മുഖത്തു വെറുപ്പു നിഴലിച്ചു.

ഞാൻ വാദമൊന്നും കൂടാതെതന്നെ ആ പ്രമേയവും പിൻവലിച്ചു.

പിന്നെയും മരിക്കുന്നതിനുള്ള പല പദ്ധതികളും തോന്നി. ചിലതു സപ്ജ്ഞയ്ക്കിഷ്ടപ്പെട്ടില്ല; ചിലതെനിക്കും.

സപ്ജ്ഞ ദേഷ്യപ്പെട്ടുകൊണ്ടു പറഞ്ഞു: "എന്തൊരു കഷ്ടപ്പാടാണ്. ജീവിക്കാനാണ് വിഷമമെന്നു കരുതിയിരുന്നു ഇതുവരെ. ഇപ്പോൾ തോന്നുന്നു, മരിക്കാനാണ് അതിലും വിഷമമെന്ന്."

ആലോചിച്ചാലോചിച്ച് ഒടുവിൽ എനിക്കൊരു ഉപായം തോന്നി. അതു പിടികിട്ടിയ ഉടനെ ഞാൻ ഉത്സാഹത്തോടെ കുതിച്ചുചാടി. ഞാൻ പറഞ്ഞു: "സപ്ജ്ഞാ, കേൾക്കൂ. ഏററവും നല്ല പ്ലാനാണിത്. നിന്റെ വിവാഹ

ത്തിൻെറ തലേദിവസം നമുക്കൊരുമിച്ച് സമുദ്രതീരത്തു പോവാം. എന്നിട്ട് കടലിലിറങ്ങി മുങ്ങിച്ചാവാം.''

''മുങ്ങിച്ചാവാൻ വിഷമം വല്ലതുമുണ്ടോ?'' സ്വർണ്ണ സംശയത്തോടെ ചോദിച്ചു.

''ഏയ്, ഒന്നുമില്ല.'' ഞാൻ പലപ്രാവശ്യം മുങ്ങിച്ചത്തിട്ടുള്ളതുപോലെ, അത്ര വിശ്വാസത്തോടെ പറഞ്ഞു. ''കേൾക്കൂ, ആദ്യം വെള്ളം കണങ്കാൽ വരെയുണ്ടാകും. പിന്നെ മുട്ടുവരെയാകും, പിന്നെ അരവരെ. പിന്നീടു കഴുത്തുവരെയാകും. പിന്നെ തുപ്പെത്തുപ്പെയാവും. നാമിരുവരും കൈകോർത്തുപിടിച്ചുകൊണ്ടു് ആഴിയുടെ അലകളിൽ അലിഞ്ഞുചേരും. അവിടെ നാമിരുവരുടെയും ശരീരങ്ങൾ പരസ്പരം കെട്ടിപിണഞ്ഞു് മത്സ്യങ്ങളെപ്പോലെ ഒഴുകിക്കൊണ്ടു്—പവിഴങ്ങളുടെ വർണ്ണശബളമായ ഉദ്യാനത്തിൽ സുന്ദരമായ സ്രാവുമീനിനെപ്പോലെ ഉലാത്തിക്കൊണ്ടു്—സ്വർഗ്ഗത്തിലെത്തിച്ചേരും.''

''ഹായ്! എന്തൊരു സുന്ദരമായ മരണമായിരിക്കും അതു്!'' സ്വർണ്ണ എൻെറ കൈ പിടിച്ചമർത്തിക്കൊണ്ടു പറഞ്ഞു: ''എനിക്കിപ്പോൾത്തന്നെ അങ്ങോട്ടു പോകാൻ തോന്നുന്നു.''

ഞാൻ പറഞ്ഞു: ''ഇപ്പോൾ വേണ്ട. നിൻെറ വിവാഹത്തിൻെറ തലേദിവസം മതി. അന്ന് ആകാശത്തിൽ ചന്ദ്രനുമുണ്ടാകും.''

''ചന്ദ്രനും നമ്മളുമായുള്ള ബന്ധം?'' സ്വർണ്ണയ്ക്കു് ഞാൻ പറഞ്ഞതു മനസ്സിലായില്ല.

ഞാൻ പറഞ്ഞു: "ഒന്നുമില്ല. ചന്ദ്രൻ നിന്നെ ക്ഷണിച്ചിട്ടുണ്ട്."

അപ്പോഴും അവൾക്ക് ഞാൻ പറഞ്ഞതു മനസ്സിലായില്ല. അവൾക്ക് മരണത്തിൻെറ ക്ഷണപത്രമേ കിട്ടിയിരുന്നുള്ളൂ. ചന്ദ്രൻേറതു് കിട്ടിയിരുന്നില്ല.

ഒടുവിൽ ഞങ്ങളിരുവരും മരിക്കേണ്ട ദിവസം വന്നു. അന്നു് സപ്ന കല്യാണമോതിരം അണിഞ്ഞിരുന്നു; നെററിയിൽ തിലകവും അണിഞ്ഞിരുന്നു. അന്നവൾ നവവധുവായിട്ടാണു് എൻ്റടുത്തേയ്ക്കു് വന്നതു്. മാനത്തു് പനിമതി പനിനീർ പൊഴിക്കുന്നുണ്ടായിരുന്നു. സമുദ്രതീരത്തുകൂടി ഞങ്ങളിരുവരും മുങ്ങിമരിക്കാൻ പോവുകയാണു്. ചന്ദ്രൻ കുറെനേരം ഞങ്ങളെ തടഞ്ഞുനോക്കി.

അദ്ദേഹം പറഞ്ഞു: "നോക്കൂ സപ്നാ. ഈ ചന്ദ്രികാചർച്ചിതമായ രാത്രിക്കു് എന്തു ഭംഗി! ഇതു മരിക്കാനുള്ള രാത്രിയല്ല, ജീവിക്കാനുള്ളതാണു്. പ്രേമത്തോടെ ജീവിക്കാനുള്ളതാണു്."

സപ്ന പറഞ്ഞു: "പക്ഷേ, ഞാനെന്തു ചെയ്യും? ഞാൻ പരവശയായിത്തീർന്നു. അങ്ങുന്നതിൻെറ പാരവശ്യം മനസ്സിലാകുന്നില്ല. ഞാനിദ്ദേഹത്തെ വിവാഹം ചെയ്താൽ എൻെറയമ്മ വിഷം കഴിക്കും. എനിക്കു ജീവിതം മുഴുവനും പശ്ചാത്തപിക്കേണ്ടിവരും."

"ആരു വിഷം കഴിക്കുമെന്നു്? ആരെങ്കിലും ഇതിനു മുമ്പു് വിഷം കഴിച്ചിട്ടുണ്ടോ? ലൈലയുടെ അച്ഛനോ, മജ്നുവിൻെറ അമ്മയോ, ജൂലിയററിൻെറ അച്ഛനോ, റോമിയോവിൻെറ സഹോദരനോ ആരെങ്കിലും വിഷം

കഴിച്ചിട്ടുണ്ടോ? ഒരുത്തനും വിഷംകഴിച്ചിട്ടില്ല. ഒരുവനെയോ ഒരുവളെയോ അനുരാഗത്തിൽനിന്നു് പിൻതിരിക്കാനായി ആരും ഇതുവരെ മരിച്ചിട്ടില്ല. പ്രേമിക്കുന്നവരാണു് മരിക്കുന്നതു്. ചിലർ വിഷം തിന്നും, മററുചിലർ തീവണ്ടിക്കു തലവയ്ക്കും. വേറെ ചിലർ കുടം കഴുത്തിൽ കെട്ടി കിണററിൽ ചാട്ടം. അവരുടെയൊക്കെ സുഖദസുന്ദരമായ ജീവിതം ഒരു കുമിളപോലെ പൊട്ടിപ്പോകും. സ്നേഹിക്കുന്നവരേ മരിക്കുന്നുള്ളു. ദ്രോഹിക്കുന്നവർ ജീവനോടെയിരിക്കുന്നു.''

''എങ്കിലും ഞങ്ങൾ കാരണം അവരൊക്കെ വ്യസനിക്കില്ലേ?'' സപ്ന പതുക്കെ പറഞ്ഞു.

''ദുഃഖമില്ലാതെ ഒരുതരത്തിലുള്ള സ്നേഹവും സംഭവ്യമല്ല.'' ചന്ദ്രൻ പറഞ്ഞു: ''എന്തുകൊണ്ടെന്നാൽ സ്നേഹം സൃഷ്ടിയാണു്. ഒരു തളിരിനു് ഭൂമിയുടെ ഉള്ളിൽനിന്നു് പുറത്തുവരണമെങ്കിൽ അത്രയും സ്ഥലം മാറിക്കൊടുക്കണം; താമരയ്ക്കു് പൂവായിത്തീരണമെങ്കിൽ അരുവിയിലെ അലകളെ ഭേദിച്ചു് അതു പുറത്തേയ്ക്കു വന്നേതീരൂ. അതുകൂടാതെ ഒന്നും നടപ്പില്ല. സപ്നാ, ഇത്രയും കഷ്ടപ്പാടു് ഓരോ സൃഷ്ടിയിലുമുണ്ടല്ലോ.''

സപ്ന പെട്ടെന്നു് എൻെറ കൈയിൽ പിടിച്ചുകൊണ്ടു പറഞ്ഞു: ''ഈ ഭ്രാന്തൻ പറയുന്നതൊന്നും കേൾക്കണ്ട. വരൂ, നമുക്കിവിടെനിന്നുപോകാം.''

ചന്ദ്രൻ പിന്നെയും സംസാരിച്ചുകൊണ്ടിരുന്നു. ഞങ്ങൾ തീരത്തുനിന്നു് സമുദ്രത്തിലേയ്ക്കു നടന്നപ്പോഴും പനിമതി എന്തോ പറയുന്നുണ്ടായിരുന്നു. ഞങ്ങൾ ആഴി

യുടെ അലകളിൽ അലിഞ്ഞുചേരുമ്പോഴും ശശി എന്തോ ശബ്ദിക്കുന്നുണ്ടായിരുന്നു. പിന്നെ പെട്ടെന്നു് ചന്ദ്രൻ മൂകനായി. സമുദ്രത്തിലെ തിരമാലകൾ ബഹളം കൂട്ടിക്കൊണ്ടിരുന്നു. ആദ്യം കണങ്കാൽ നനഞ്ഞു; പിന്നെ അരവരെ. അപ്പോഴേയ്ക്കും ആരോ കരയുന്നതു കേട്ടു. ഞങ്ങൾ ആ ശബ്ദംകേട്ട വശത്തേയ്ക്കു തിരിഞ്ഞുനോക്കി. ഞങ്ങളിൽനിന്നും കുറെയകലെ ഒരു മനുഷ്യൻ വെള്ളത്തിൽ മുങ്ങി കൈകാലിട്ടടിച്ചു് നിലവിളിക്കുകയാണു്, "എന്നെ രക്ഷിക്കണേ" എന്നു്.

ഞാൻ വേഗം സ്വപ്നയുടെ കൈവിട്ടുവിച്ചു് നീന്തിച്ചെന്നു. അല്പസമയത്തിനുള്ളിൽ ആ മുങ്ങിച്ചാവുന്ന ആളെ അലകളിൽനിന്നു പുറത്തേയ്ക്കുകൊണ്ടുവന്നു. അയാളുടെ ബോധം കെട്ടുകഴിഞ്ഞിരുന്നു. വിളർച്ച് ബാധിച്ച ആ മുഖത്തു് നീണ്ട താടിയും മീശയും കാണാം. കണ്ണടഞ്ഞിരിക്കുന്നു. ശ്വാസം പതുക്കെപ്പതുക്കെ വലിക്കുന്നുണ്ടു്. അയാളെക്കണ്ടു് സ്വപ്നയുടെ കണ്ണുകളിൽ വെള്ളംവന്നു. അവൾ എന്റെ കൈയ്ക്കുപിടിച്ചുകൊണ്ടു പറഞ്ഞു: "ഇയാളും നമ്മെപ്പോലെ ഒരുത്തനാണെന്നു തോന്നുന്നു."

"പാവം!" ഞാൻ വികാരാധിക്യത്തോടെ പറഞ്ഞു: "നോക്കു സ്വപ്നാ, ഇതാണു് പ്രേമം; യഥാർത്ഥപ്രണയം!"

പെട്ടെന്നയാൾ കണ്ണു പതുക്കെ തുറന്നു. ചുററുപാടും നോക്കിയിട്ടു് ദുർബലസ്വരത്തിൽ അയാൾ പറഞ്ഞു: "റൊട്ടിയുണ്ടോ?...എവിടെനിന്നെങ്കിലും എന്തെങ്കിലും തിന്നാൻ കൊണ്ടുവരൂ. ആറുദിവസമായിട്ടു് ഞാൻ ഒന്നും കഴിച്ചിട്ടില്ല."

ഞങ്ങളിരുവരും സ്തംഭിച്ചുപോയി. ഞങ്ങൾ രണ്ടു പേരും—സച്ഛിന്ദ്രയും ഞാനും—സമ്പന്നരായിരുന്നു; പരസ്പരം പ്രേമിച്ചിരുന്നു; പ്രേമത്തിനുവേണ്ടി മരിക്കാൻപോലും തയ്യാറായിരുന്നു. പക്ഷേ, ഒരുകഷണം റൊട്ടി കിട്ടാഞ്ഞിട്ടും ആൾക്കാർ മരിക്കാറൊരുണ്ടുമെന്നു് ഞങ്ങൾക്കു് അറിവില്ലായിരുന്നു. പെട്ടെന്നു് സച്ഛിന്ദ്രയും ഞാനും പരസ്പരം നോക്കി. ഒരേനിമിഷത്തിൽ ഞങ്ങൾക്കിരുവർക്കും മനസ്സിലായി; ഇങ്ങനെ മരിക്കുന്നതു് വ്യർത്ഥമാണു്, അപരാധമാണു്, അബദ്ധമാണെന്നു്. അയാൾക്കുവേണ്ടി എന്തെങ്കിലും ചെയ്യണം. മരണത്തെപ്പോലും അതിജീവിക്കണം.

* * *

ഇന്നു വീണ്ടും നിലാവുനിറഞ്ഞ രാത്രി വന്നുചേന്നിരിക്കുന്നു. ഞാൻ ചന്ദ്രനോടു പറയുകയാണു്: "സച്ഛിന്ദ്രയുടെ വിവാഹം കഴിഞ്ഞു; എൻെറയും. സച്ഛിന്ദ്രയ്ക്കൊരു വീടുണ്ടു്, കുട്ടികളുണ്ടു്. അവൾക്കൊരു കുടുംബമുണ്ടു്, കൂട്ടുകാരുണ്ടു്, ജീവിതമുണ്ടു്. എനിക്കുമൊരു വീടുണ്ടു്, കുട്ടികളുണ്ടു്, കൂട്ടുകാരുണ്ടു്, ജീവിതമുണ്ടു്. ഞങ്ങളിരുവരും വെവ്വേറെ സ്ഥലത്തു താമസിക്കുന്നു. പരസ്പരം കണ്ടുമുട്ടാറേയില്ല. പക്ഷേ, പല സ്ഥലത്തുംവച്ചു് പല സന്ദർഭത്തിലും കണ്ടിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ അവളും ജീവിക്കുന്നു; ഞാനും ജീവിക്കുന്നു. അവൾ ചിന്തിക്കുന്നതുപോലെ ഞാനും ചിന്തിക്കുന്നു. ചിലയിടത്തു് ക്ഷാമം കുറഞ്ഞിട്ടുണ്ടു്; ചിലയിടത്തക്രമം കുറഞ്ഞിട്ടുണ്ടു്. വേറെ ചില

യിടത്തു് പ്രേമം പുരോഗമിക്കുന്നു; അങ്ങനെ ലോകം നന്നായി വരികയാണു്. ഞാൻമൂലവും സ്വപ്നമൂലവും, ഞങ്ങളെപ്പോലെ ബുദ്ധിപൂർവ്വംപ്രവർത്തിക്കുന്ന ലക്ഷക്കണക്കിനു്—കോടിക്കണക്കിനു്—ജനങ്ങൾമൂലവും ഈ ലോകം അഭിവൃദ്ധിപ്പെട്ടുകയും ചെയ്യും. എന്താ മോശമുണ്ടോ?"

"അപ്പോൾ നീ സംതൃപ്തനാണല്ലേ?" ചന്ദ്രൻ മന്ദഹസിച്ചുകൊണ്ടു ചോദിച്ചു.

"അതെ."

"സ്വപ്നയും?"

"അവളും സംതൃപ്തയാണു്."

ചന്ദ്രൻ വീണ്ടും വിചിത്രമായി മന്ദഹസിച്ചു. എനിക്കു് അതിന്റെ അർത്ഥം തീരെ മനസ്സിലായില്ല. പെട്ടെന്നു് ചന്ദ്രൻ ചോദിച്ചു: "സ്വപ്നയെ എപ്പോഴെങ്കിലും ഓക്കാറുണ്ടോ?"

ഞാൻ പറഞ്ഞു: "ഉവ്വ്; ഉന്മാദകമായ സായങ്കാലങ്ങളിൽ മഴപെയ്തു തോന്നു് ആകാശം തെളിയുമ്പോൾ, സന്ധ്യയുടെ അരുണിമ ചിന്നിച്ചിതറി ഭൂമിയിലേയ്ക്കു വീഴുമ്പോൾ, സമുദ്രതടത്തിൽ വഴിതെററിയ ഒരു കരിംകുരുവി തന്റെ കൂടന്വേഷിച്ചു് ചുററിത്തിരിയുമ്പോൾ ഞാനവളെ സ്മരിക്കാറുണ്ടു്. ആ സന്ദർഭത്തിൽ ഞാൻ അവശനും അസ്വസ്ഥനും അബോധവാനും ആയിത്തീന്നിട്ടു് വീട്ടിൽനിന്നിറങ്ങും. എന്റെ ജീവിതത്തിന്റെ നിഷ്ഫലവും നിഷ്പ്രഭവുമായ തീരങ്ങളിൽ ഭ്രാന്തനെപ്പോലെ ഓടിനടന്നു്, ഞാൻ എനിക്കു കിട്ടാതിരുന്ന, ഒരിക്കലും മറിക്കു

കിട്ടാത്ത സ്വപ്നയെ അന്വേഷിക്കും. അവളെന്റെ ആത്മാവിൻെറ അഗാധതയാണ്."

ചന്ദ്രൻ പതുക്കെ പുഞ്ചിരിതൂകി. ഞാൻ പറഞ്ഞു: "അങ്ങു ചിരിക്കുന്നു, ഇതിനെല്ലാം കാരണക്കാരനായിട്ടും!"

"ഞാനോ?" ചന്ദ്രൻ അത്ഭുതത്തോടെ ചോദിച്ചു: "അതെങ്ങനെ?"

"എങ്ങനെയെന്നോ? ആയിരക്കണക്കിനു കൊല്ലങ്ങളായിട്ട് അങ്ങ് പ്രേമത്തെക്കുറിച്ച് അറിഞ്ഞിരുന്നതൊന്നും സ്വപ്നയ്ക്കു പറഞ്ഞുകൊടുത്തില്ല. എത്ര കാമുകന്മാരുടെ ഹൃദയവുമായി അങ്ങ് സംസാരിച്ചിരിക്കുന്നു! ഡാന്റെയുടെ ശോകം മനസ്സിലാക്കി. ജൂലിയററിൻെറ രോദനം കേട്ടു. ശകുന്തളയുടെ കണ്ണുനീർ തുടച്ചു. ഹീരയുടെ വീണാനാദം കേട്ടു. റാണ്ഡയുടെ മാത്തടത്തിൽ തൻെറ മൃദുലഹസ്തങ്ങളർപ്പിച്ചു. സാവിത്രി തൻെറ കാമുകനെ അന്വേഷിച്ച് നരകവാതില്ക്കലെത്തിയതും അങ്ങുമൂലമാണ്. അങ്ങേയ്ക്കു വേണമെങ്കിൽ സ്വപ്നയെ ഉപദേശിക്കാമായിരുന്നു. അങ്ങയുടെ അനുഭവങ്ങളുടെ അഗാധതയിൽനിന്ന് അവൾക്കു പലതും നേടാമായിരുന്നു. പക്ഷേ, അങ്ങ് എങ്ങനെയാണതു ചെയ്യുക? അങ്ങയുടെ ഹൃദയം തമോഭരിതമല്ലേ? അതുകൊണ്ടല്ലേ ഇത്രയും പ്രകാശവത്തായിട്ടും അങ്ങയിൽ ഈ കളങ്കം കാണുന്നത്?"

ചന്ദ്രൻ മന്ദഹാസത്തോടെ പറഞ്ഞു: "ഞാൻ വാസ്തവത്തിൽ, പ്രേമംതന്നെയാണ്; ചന്ദ്രനല്ല. എൻെറ മാറിടത്തിൽ നീ കാണുന്ന ഈ സമ്മാനങ്ങൾ പ്രേമം എനിക്കു സമ്മാനിച്ചതാണ്. എപ്പോഴെപ്പോൾ, എവിടെയെവിടെ,

പ്രേമം ഭീരുത്വത്തോടുകൂടി പ്രവൎത്തിക്കുന്നുവോ, അപ്പോഴപ്പോൾ, അവിടെയവിടെ, എൻെറ മാറിടത്തിന്നു് ഓരോ മുറിവേല്ക്കുന്നു. സ്വന്തം ഭീരുത്വത്തിന്നു്, എൻെറ പേരിൽ ദോഷാരോപണം ചെയ്യേണ്ട. ഇതെല്ലാം നീമൂലമാണു്."

"പക്ഷേ—" ഞാൻ ചോദിക്കാൻ ഭാവിച്ചു.

ചന്ദ്രൻ എന്നെ തടഞ്ഞുകൊണ്ടു പറഞ്ഞു: "പൊയ്ക്കോളൂ. ഞാനെല്ലാം പറഞ്ഞുകഴിഞ്ഞു. അതാ, വേറൊരു കാമുകൻ എന്നോടു സംസാരിക്കാൻ വരുന്നു."

# ഒരെഴുത്ത്—ഒരു പരിമളം

പ്രിയപ്പെട്ട മോനാ,

വണ്ടികൾ ജത്സ്റ്റേഷനിൽനിന്നു പുറപ്പെട്ടു പൂനയുടെ നേക്കു കുതിക്കുകയാണു്. നിൻെറ എഴുത്തു് എൻെറ കൈയിലിരിക്കുന്നു. നീലനിറത്തിലുള്ള കവർ, നീലിച്ച കടലാസ്, നീലവണ്ണത്തിലുള്ള, നിർദ്ദയമായ കൈപ്പട, ഇതിൽ നീയെഴുതിയിരിക്കയാണു്—'ഞാൻ റൊസാരിയോവിൻെറ ആയിക്കഴിഞ്ഞു'വെന്നു്. നീയെന്നെ മറന്നോളൂ, അഥവാ മരിച്ചോളൂ. പക്ഷേ, എനിക്കു നിന്നെ മറക്കാൻ കഴികയില്ല. അതുകൊണ്ടു് ഞാൻ മരിക്കാൻ നിശ്ചയിച്ചിരിക്കുന്നു. നിനക്കീയെഴുത്തു കിട്ടുന്ന സന്ദർഭത്തിൽ ഞാൻ മരിച്ചുകഴിഞ്ഞുകാണും.

എനിക്കറിയാം, ഈ സംഭവത്തിനുശേഷവും നിൻെറ ജീവിതത്തിനു് ഒരു തരക്കേടും വരികയില്ല. നിൻെറ പച്ചക്കർട്ടനിട്ട ഡ്രായിംഗ്റൂമിലെ ഒരു സോഫയ്ക്കുപോലും സ്ഥാനഭ്രംശം വരികയില്ല. പുസ്തകം നിറച്ചുവച്ചിരിക്കുന്ന ഒരലമാരിയും ഇരുന്നിടത്തു നിന്നനക്കപ്പെട്ടുകയില്ല. ഗ്രാമഫോൺ റിക്കാർഡുകളിലൊന്നിനുപോലും യാതൊരു കേടും സംഭവിക്കുകയില്ല. നിൻെറ നഖങ്ങളിൽ മയിലാഞ്ചിയിടുന്നതു് കാണാനായി ഞാൻ കയറിയിരിക്കാറുള്ള ആ മേശയും അതുപോലെതന്നെ ഇരിക്കും. എനിക്കുശേഷം വേറൊരുത്തൻ വന്നു് എന്നെപ്പോലെ ആ രംഗം നോക്കി

ക്കാണുമായിരിക്കും. മേശ അതുതന്നെയായിരിക്കും. റൊസാരിയോവിന്റെ പ്രതിദ്വന്ദ്വി മാറുമെന്നു മാത്രം. എനിക്കറിയാം, എന്റെ മരണംമൂലം നിന്റെ ചുണ്ടുകളിൽ തേങ്ങലോ, നിന്റെ മാറിടത്തിനു് വിങ്ങലോ തട്ടുകയില്ല; നിന്റെ കണ്ണുകളിൽനിന്നു് ഒരുതുള്ളി വെള്ളംപോലും പുറത്തുപോകയില്ല. റൊസാരിയോ ഈ സംഗതിയറിഞ്ഞാൽ നിന്റെ നേരെനോക്കി അനാത്ഥമായി പുഞ്ചിരിക്കും; എന്നിട്ടു് നിന്നെയുംകൊണ്ടു് ഭക്ഷണമുറിയിലേയ്ക്കു പോകും. പതുക്കെപ്പതുക്കെ നിങ്ങളിരുവരും കത്തിയും മുള്ളും ഉപയോഗിച്ചു് വിഭവങ്ങൾ ഓരോന്നായി ഒതുക്കിത്തുടങ്ങും. ഇന്നൊരുത്തന്റെ ജീവിതം അന്ത്യശ്വാസം വലിച്ചുവെന്ന കഥ അപ്പോൾ നിങ്ങൾ ഓമ്മിക്കയില്ല. അയാളുടെ ഭക്ഷണസമയത്തെ പരിമളം എന്നേയ്ക്കുമായി അവസാനിച്ചു. എന്തെന്നാൽ മനുഷ്യൻ മരിക്കുമ്പോൾ അവന്റേതായ സകല ചരാചരവും മരിക്കുന്നു. തന്മൂലം പുല്ലിന്റെയോ പൂവിന്റെയോ, നഗരത്തിന്റെയോ ഗ്രാമത്തിന്റെയോ, ഇലയുടെയോ തളിരിന്റെയോ സുഗന്ധം അവനു് അനുഭവപ്പെടുന്നില്ല. ഒരു സുഗന്ധവും അവനുള്ളതല്ല, ഒരു പുതുമയും അവനുള്ളതല്ല. ഒരു വേദനയും ഒരു മോഹവും അവനുവേണ്ടിയുള്ളതല്ല. ആരുടെയും പ്രേമപരീക്ഷ അവനുപകരിക്കുന്നില്ല. ഇനിയവനു് വയലിൻ കേൾക്കാൻ സാദ്ധ്യമല്ല; നദിയിൽ കാലിട്ടടിച്ചു് കളിക്കാനും തരമില്ല. ഏതെങ്കിലുമൊരു തെരുവിന്റെ മൂലയിൽനിന്നു്, സിഗററും പുകച്ചുകൊണ്ടു്, ആകാശത്തിലെ പനിനീർപ്പൂന്തോട്ടങ്ങളിൽ പാറിക്കളിക്കുന്ന ധവളങ്ങളായ

മേഘശകലങ്ങളെ നോക്കുന്നതുപോലെ, ഏതെങ്കിലും സു ന്ദരിയെ മാദകനയനങ്ങളാൽ ഉഴിയുവാനും അവനിനി തരമില്ല. ഒരുവൻ മരിക്കുമ്പോൾ ജീവിതത്തിൻേറതായ എല്ലാ സൗരഭ്യവും അവനോടൊത്തു മരിക്കുന്നു. അതുകൊ ണ്ടാണു് മരണം ശോകാകുലമായിരിക്കുന്നതു്. മൃത്യു നിർ ബന്ധിതമായിരിക്കുന്നതുപോലെ അതുകൊണ്ടുള്ള ദുഃഖവും നിർബന്ധിതമായിരിക്കുന്നു.

നീ ചോദിക്കും, നിങ്ങൾക്കെന്നെ മറക്കാൻ സാദ്ധ്യ മല്ലെങ്കിൽ പിന്നെ മരിക്കാൻവേണ്ടി ബോംബെയിൽ നിന്നിത്ര ദൂരേയ്ക്കു പോയതെന്തിനെന്നു്. കാരണമുണ്ടു്; ബോംബെയിൽ നീയുണ്ടു്, റൊസാരിയോവുമുണ്ടു്. നി ൻേറ വീടിരിക്കുന്നു, നിൻേറ വീട്ടിലെ ആ തൂണ നശി ച്ചിട്ടില്ല. അതിൽ പടന്നുകിടക്കുന്ന പനിനീർച്ചെടിയോ ടൊത്തു് കളിച്ചുകൊണ്ടാണല്ലോ നാം സംസാരിച്ചു് സമ യം പോക്കാറു്. എൻേറ പ്രേമംനിറഞ്ഞ പാദപതനങ്ങ ളുടെ ശബ്ദം കേട്ട പറമ്പുകളുണ്ടവിടെ; നമ്മുടെ പ്രേമസ ല്ലാപങ്ങൾക്കു് സാക്ഷ്യംനിന്ന തെങ്ങോലകൾ കാററിലുല ഞ്ഞു് ശബ്ദിക്കുന്നുണ്ടു്. എനിക്കു് ബോംബെയിൽവച്ചു് മരിക്കാനൊക്കുകയില്ല. അതുകൊണ്ടു് ഞാൻ പൂനയിലേ യ്ക്കു പോകുന്നു. അവിടെച്ചെന്നു് ഞാൻ മദിരോന്മത്തനായി 'റെയ്സി'ൽ പങ്കുകൊള്ളും. ബാങ്കിലെ അവസാനത്തെ ചില്ലികൂടി ഞാൻ നശിപ്പിക്കും. എന്നിട്ടു് ഹോട്ടലിൽ ചെന്നു് മുറിയുടെ വാതിലടച്ചിരുന്നു് ജീവിതത്തിൻേറ ആ അന്ത്യനിമിഷത്തോടും ഞാൻ സുധീരം പടവെട്ടി പ രാജയം വരിക്കും. ഈ ജീവിതത്തിൽ നിൻേറ പ്രേമത്തെ

പൊരുതിനേടാൻ കഴിയാത്ത എനിക്ക് ഒന്നിനോട്ടം പോരടിക്കുവാൻ രസം തോന്നുകയില്ല.

ഈ സന്ദർഭത്തിൽ രാത്രി അന്ത്യയാമത്തിലെത്തിയിരിക്കുന്നു. പ്രഭാതത്തിൻെറ ധവളിമയും ധൂളിമയും നാലുപാട്ടും പരക്കാറായിട്ടുണ്ട്. ചക്രവാളത്തിലെങ്ങും സൂര്യൻെറ സുവർണ്ണകിരണങ്ങൾ എത്തിനോക്കിയിട്ടില്ല. എല്ലാവശത്തും ഒരു കനത്ത കാളിമ നനുത്ത ധവളിമയിൽ അലിഞ്ഞു് അന്ധകാരത്തെ ഒന്നുകൂടി ഗഹനമാക്കിത്തീർക്കുന്നു. കാററിനൊരു കനത്ത തണുപ്പും കൈവന്നിട്ടുണ്ട്. കാരണം, വണ്ടിയിപ്പോൾ പശ്ചിമഘട്ടത്തിലെ ഗിരിശിഖരങ്ങളിൽക്കൂടി കുതിക്കുകയാണു്. വിദേശിയായ മൺസൂൺമേഘം പച്ചപിടിച്ച താഴ്വരയിലേയ്ക്കിറങ്ങിവന്നിട്ടുണ്ട്, ഹൃദയത്തിൽ പ്രേമത്തിൻേറതായ അസംഖ്യം അശ്രുകണങ്ങൾ നിറച്ചുകൊണ്ട്. എന്നെപ്പോലെ ഒരു ഉദാസീനത് ഈ മേഘത്തിനുമുണ്ട്. യാത്രക്കാരായ ഈ മേഘങ്ങൾ അങ്ങകലെ സമുദ്രത്തിൽനിന്നു് ഓത്തിരിക്കാതെയുള്ള കൊട്ടങ്കാററടിച്ച് ഇവിടെ എത്തിയതാണു്. ഇവർ പശ്ചിമഘട്ടത്തിന്റെ കൊട്ടമുടിക്കു് പ്രേമത്തിൻെറ മഞ്ജിമഗാനം പാടിക്കേൾപ്പിച്ചുകൊടുത്തു് കടന്നുപോകുന്നു. ഈ കൊട്ടമുടിയോ? നിന്നെപ്പോലെതന്നെ അഭിമാനിനിയായി, നിന്നെപ്പോലെതന്നെ അച്ചഞ്ചലയായി നിലകൊള്ളുന്നു. ആരുടെ ആത്മാവിലെ എല്ലാ സത്തയും വലിച്ചെടുത്തുവോ ആ മേഘങ്ങളെ തെല്ലിടപോലും ഉല്ലസിപ്പിക്കുവാൻ തൻെറ കരങ്ങൾ നീട്ടുന്നില്ല.

വണ്ടി ഓടിക്കൊണ്ടേയിരിക്കുന്നു. എൻെറ മുൻവശ

ത്തുള്ള ബെഞ്ചിൽ ഒരു ഗോവക്കാരി സുന്ദരി തന്റെ ഭർത്താവിൻെറ തോളിൽ തലയും തിരുകി പരിപൂർണ്ണവിശ്വാസത്തോടെ ഉറങ്ങുകയാണ്. എത്ര അത്ഭുതകരവും, അമൂല്യവും, അഗാധവും, അജ്ഞേയവുമായ ഒരു പുഞ്ചിരിയാണ് അവളുടെ മുഖത്തു തങ്ങിനില്ക്കുന്നതു്! അവളെന്തു സ്വപ്നമാണു കാണുന്നതു്? ആരെക്കണ്ടിട്ടാണവൾ മന്ദഹസിക്കുന്നതു്? അവളുടെ മാറിടത്തിൽ വിടൎന്നു പൊന്തുന്ന പൂക്കളേതായിരിക്കാം? അവളുടെ മനസ്സിൽ വിരിഞ്ഞുമിന്നുന്ന മിന്നാമിനുങ്ങുകളേതായിരിക്കാം? അല്ലയോ ഉറങ്ങുന്ന സുന്ദരീ, ആ മിന്നാമിനുങ്ങുകളുടെ പ്രകാശത്തിൽ ഒരംശം എനിക്കും തരൂ. ആ സ്വപ്നങ്ങളുടെ ഒരു മൂല എനിക്കായി ഒഴിച്ചിടൂ. ആ സൂനങ്ങളുടെ സുഗന്ധലേശമെങ്കിലും എനിക്കു പ്രദാനംചെയ്യൂ. എനിക്കു മരിക്കാൻ മോഹമില്ല. പക്ഷേ, എന്തു ചെയ്യും? എൻെറ ഭുജത്തിനു് ആരുടെയും കവിൾത്തടം താങ്ങാൻ കഴിഞ്ഞില്ല. എൻെറ ശിരസ്സിൽ ആരുടെയും കേശപാശം തങ്ങിനിന്നില്ല. എൻെറ ശരീരസ്പർശം ആകേൾക്കേണ്ടിയിരുന്നുവോ, അവളിപ്പോൾ മറെറാരുത്തൻെറ കരവലയത്തിലാണ്. പിന്നെ ഞാനെന്തിനു ജീവിച്ചിരിക്കണം? ഹേ, ഉറങ്ങുന്ന ഗോവാസുന്ദരീ, എന്നോടൊന്നു പറയൂ.

പക്ഷേ, ഉറങ്ങുന്ന മനോഹരി സ്വപ്നത്തിൽ വീണ്ടും മന്ദഹസിക്കുമ്പോൾ ഞാൻ മുഖം തിരിച്ചു് പുറത്തേക്കു നോക്കുന്നു. ഏ, ഇതാ വെളിയിൽ ആ കടന്നുപോയതു് നിൻെറ വീടല്ലേ? സത്യമായിട്ടും നിൻെറ വീടുപോലെയിരുന്നു. ആ കോവണികൾ, അതേ വരാന്ത, വാതിൽക്കൽ

AYATHIL KILIKOLLOOR P.O. QUILON

തൂങ്ങിക്കിടക്കുന്ന അതേ തിരശ്ശീലകൾ; തൂണുകളിൽ തൂങ്ങി നില്ക്കുന്ന പനിനീർച്ചെടികളും 'ബോഗൻ'ലതകളും അവ തന്നെ. ഞാൻ നിൻെറ വീട്ടിൽവന്ന ആ ആദ്യദിവസം നിനക്കു് ഓർമ്മയുണ്ടോ? അന്നാണു് നമ്മുടെ കണ്ണുകൾ പരസ്പരം സന്ദേശം വായിച്ചതു്. അതു് അവയ്ക്കു മാത്രമേ മനസ്സിലാകൂ. ഇത്തവണ, നീയെന്നെ യാത്രയയയ്ക്കാൻവേണ്ടി പുറത്തു വരാന്തയിൽ വന്ന നേരത്തു് അല്പസമയം നീയെന്നോടൊന്നിച്ചു നിന്നു. അപ്പോൾ റൊസാരിയോ നമ്മുടെ ഇടയിൽ ഇല്ലായിരുന്നു. ലജ്ജിതനും പരാജിതനുമെന്ന പോലെ അയാളൊരു മൂലയിൽ നിന്നിരുന്നു. വേർപാടു സമയത്തു് ഞാൻ വണ്ടിയിൽ കയറിയിരുന്നപ്പോൾ നീ കുറെ നേരത്തേയ്ക്കു് എന്റെ കൈപിടിച്ചുകുലുക്കി. ആ ആദ്യത്തെ തവണയും അതിനുശേഷം ഒരായിരം തവണയും, നീ അതിരററ ആനന്ദത്തോടെ കൈ പിടിച്ചു കുലുക്കി എന്നെ യാത്രയയയ്ക്കാറുള്ളപ്പോൾ (റൊസാരിയോ അതെല്ലാം തൂണും ചാരിനിന്നു് കാണാറുണ്ടു്,) ആ വരാന്ത എൻെറ ജീവിതത്തിൻെറ അംശമായിത്തീരാറുണ്ടു്. ആ സായാഹ്നമോ? അതിനുശേഷം നിൻെറയും എൻെറയും ജീവിതത്തിൽ അതുപോലൊരു സായാഹ്നം ഉണ്ടാകയില്ല. അന്നു നിനക്കു റൊസാരിയോ മാത്രമായിരുന്നു സർവ്വവും. ഞാൻ ആരുമായിരുന്നില്ല. ഞാൻ നിന്നോടു് മൂന്നുതവണ ചോദിച്ചു: "മോനാ, ഞാൻ പോകട്ടെ? ഞാൻ പോകട്ടെ? ഞാൻ പോകട്ടെ?" നീയതിനൊരു മറുപടിപറഞ്ഞില്ല, നിൻെറ ദൃഷ്ടികൾ കീഴ്പ്പോട്ടായിരുന്നു. നിൻെറ കൈകൾ നിർബോധാവസ്ഥയിലായിരുന്നു. റൊസാരിയോ

വിൻെറ പുഞ്ചിരിയും, മുറിയുടെ ഭിത്തികൾ പോലും എന്നെ പരിഹസിക്കുന്നതായി തോന്നി. ഞാൻ മിണ്ടാതെ ആ മേശയിൽനിന്ന് എഴുന്നേററു. ആരും മുറിയിൽനിന്നു പുറത്തേയ്ക്കു വന്നില്ല. ഒരൊററയാളും എന്നെ യാത്രയാക്കാനൊരുങ്ങിയില്ല. ഞാൻ പതുക്കെ കർട്ടൻപൊക്കി നിന്റെ മുറിയിൽനിന്നു വെളിയിൽകടന്നു വരാന്തയിൽ വന്നു. അതു ശൂന്യമായിരുന്നു. കട്ടൗട്ട് കട്ടികൂടിയിരുന്നു. പുഷ്പങ്ങൾ തലകുനിച്ചിരുന്നു. ഞാൻ ചിരിച്ചുകൊണ്ട് എന്റെ മനസ്സിൽ പറഞ്ഞു: 'ഇന്ന് ആരോ ആരുടെയോ മനസ്സിൽ പ്രേമപുഷ്പങ്ങൾ വിരിയിച്ചിരിക്കുന്നു. എൻെറ ഭാഗ്യത്തിന് ഒഴിഞ്ഞ വരാന്തകളാണ് വിധിച്ചിരിക്കുന്നത്. പോകാം.' ശൂന്യമായ ആകാശത്തെ തുറിച്ചുനോക്കുന്ന അല്ലയോ പഥിക, ഇവിടെനിന്നു പോകാം. ഞാൻ ഒരുനിമിഷനേരത്തേയ്ക്ക് ആ ശൂന്യമായ വരാന്തയിലേയ്ക്ക് തിരിഞ്ഞുനോക്കി. അപ്പുറത്ത് നീയും റൊസാരിയോവും ഇപ്പുറത്ത് ശൂന്യമായ വരാന്തയും ആയി നിലകൊള്ളുന്ന ആ വാതിലിനെ ഞാനൊന്നുനോക്കി. ഇന്നത്തെ കഴിഞ്ഞാൽ ഞാൻ ഇല്ലാതാവും. എങ്കിലും, നീ ഈ വരാന്തയിൽ വരുമ്പോഴൊക്കെ പനിനീർച്ചെടിയുടെ പൂക്കളിൽ എന്റേതായ പരിമളം നിനക്കനുഭവപ്പെട്ടും.

ഇല്ല, അതെൻെറ മോഹമാണ്. നിൻെറ ജീവിതത്തിൽ എന്നെപ്പററിയുള്ള ഓർമ്മപോലും പരിമളം പൂശുകയില്ല; എന്തെന്നാൽ ഒരു സുഗന്ധവുമില്ലാത്ത സുമമാണ് എന്നെ സംബന്ധിച്ച സ്മരണ.

ഞാനെന്താണു പറയുന്നതെന്നോ, വണ്ടി എവിടേ

ള്ളാണു പായുന്നതെന്നോ എനിക്കുതന്നെ മനസ്സിലാകുന്നി ല്ല. ബോംബെയിൽനിന്നു് പൂനയിലേയ്ക്കു പോകുന്ന വണ്ടി എപ്പോഴും ഓടിക്കൊണ്ടിരിക്കുന്നു. ബോംബെയിൽനിന്നു പൂനവരെയും പൂനയിൽനിന്നു ബോംബെവരെയും. ഇതി ന്നു രണ്ടതിത്തികളേയുള്ളൂ. അഥവാ, വേറെയും രണ്ടതി ത്തികളുണ്ടു്. ഇതിൻെറ പാദങ്ങളിൽ റെയിലിലെ സ്ലി പ്പറുകളും ശിരസ്സിൽ വിദ്യുച്ഛക്തിയുടെ കമ്പികളും. ഈ നാലതിരുകൾവിട്ടു് വണ്ടി ഓടുന്നില്ല. ഓടിയാലതിന്നും മൃത്യു നേരിടും. നിനക്കോൎമ്മയുണ്ടാകും; ഒരിക്കൽ നാമിരു വരുംകൂടി ഈ വണ്ടിയിൽ യാത്രചെയ്യുമ്പോൾ ഈൎഷ്യാ ലുവായ റൊസാരിയോ നിനക്കെഴുതിയിരുന്നു: 'നിങ്ങളു ടെ വണ്ടി വഴിക്കുവെച്ചു മറിഞ്ഞുപോകട്ടെ.' അങ്ങനെ ആ വണ്ടി പശ്ചിമഘട്ടത്തിലെ ഒരു പാറയിടുക്കിൽപ്പെ ട്ടു് മറിഞ്ഞപ്പോൾ എത്ര യാത്രക്കാരാണു മരിച്ചതു്! എത്ര പേൎക്കാണു മുറിവേററതു്! എത്രപേരുടെ കൈകാലുകളാ ണു നഷ്ടപ്പെട്ടതു്! വണ്ടി പാളംതെററിയിരുന്നു. ജീവി തത്തിന്റെ സീമകളെ ലംഘിക്കുന്നവൎക്കും ഇതാണനുഭവം. ഇതിലാശ്ചൎയ്യപ്പെട്ടവാനൊന്നുമില്ല. അത്ഭുതം മറെറാന്നാ ണു്! റൊസാരിയോവിൻെറ ശാപത്തിനുശേഷവും ആ അപകടത്തിൽനിന്നു നാമിരുവരും രക്ഷപ്പെട്ടു. നീയൊരു പൂപ്പൊന്തയിൽച്ചെന്നു വീണു; ഞാനൊരു കാട്ടുവാഴക്കൂട്ട ത്തിലും. നമ്മുടെ ആകസ്മികമായ ആ രക്ഷപ്പെടലല്ല ഇ പ്പോഴെനിക്കു് ഓൎമ്മവരുന്നതു്. പ്രത്യുത ഒരു ശലഭത്തി ൻെറ കഥയാണു്. ഞാൻ വീണിടത്തുനിന്നൊരു തുമ്പി പാറുന്നുണ്ടായിരുന്നു. ഉത്തരക്ഷണത്തിൽ അതെൻെറ

കൈയിൽവന്നു പററിനിന്നു. രണ്ടുമൂന്നു തവണ അതു് വ ൎണ്ണശബളതയോടെ പറന്നു; എന്നിട്ടു് പിടഞ്ഞു മരിച്ചു. എനിക്കോൎമ്മയുണ്ടു്; അതിൻെറ ചിറകുകളുടെ നിറം എ ൻെറ കൈകളിൽ തങ്ങിനിന്നിരുന്നു. ചകിതനയനങ്ങ ളാൽ അതെന്നെ നോക്കിക്കൊണ്ടിരുന്നു. എന്തിനു്? അ തെ; ഞാൻ, കാമുകനായ ഒരു ശലഭം നിന്നക്കെന്തുവിന വരുത്തി? നീയെന്തിനു ചോദിക്കാതെ എൻെറ ജീവിത ത്തിൽ കടന്നുവന്നു? അതിൻെറ പരാതിനിറഞ്ഞ നയന ങ്ങൾ ഇന്നും എന്നെ പരവശനാക്കുന്നു. എനിക്കറിയാം, നീയെന്നെ മഠയനെന്നു വിളിക്കുമെന്നു്. എൻെറ മൂഢത യെ സമൎത്ഥിക്കുവാൻ എനിക്കൊന്നുമില്ലതാനും. എനിക്കി തുമറിയാം, സ്വപ്നങ്ങളെ ആശിക്കുകയും ശലഭങ്ങളെ ആട്ടു കയും ചെയ്യുന്ന നിൻെറ ലോകത്തോടു് എനിക്കു പറയാൻ ഒന്നുമില്ല. ഇന്നും ഈ വണ്ടിയിലിരുന്നു് ഞാൻ ചിന്തി ക്കുകയാണു്; കാരണം ആ ശലഭത്തിൻെറ ചിറകിലെ പൊടി ഇപ്പോഴും കൈയിൽ തങ്ങിനില്ക്കുന്നു. ലേഡിമാക് ബെത്തിൻെറ കൈകളിലെപ്പോലെ, ഈ ചായമൊരിക്ക ലും മായുകയില്ല. പക്ഷേ, ഞാനിതാരോടു പറയും? നീ ലേഡിമാക്ബെത്തിനെ കവച്ചുകടന്നില്ലേ? നിനക്കാക ട്ടെ, എൻെറ ചോരയുടെ നിറംപോലും ഗോചരീഭവിക്കു ന്നില്ല! അഥവാ കണ്ടാൽത്തന്നെ അതു് നീണ്ടുനില്ക്കുകയു മില്ല.

ഇതാ, വണ്ടി ഓടിയോടി ഒരു സ്റ്റേഷനിൽ ചെന്നു നിന്നു. ചില യാത്രക്കാരിറങ്ങി. പലരും കയറി സ്ഥാനം പിടിച്ചു. വേറെ വിശേഷിച്ചൊന്നുമുണ്ടായില്ല. ആരും

ജനിച്ചില്ല; മരിച്ചുമില്ല. ഒരപകടവും പിണഞ്ഞില്ല. വണ്ടി പാളംതെററിയില്ല. ആരും വണ്ടിക്കു തലവച്ചതുമില്ല. ആരും പ്രേമിച്ചില്ല; ആരും വെറുത്തതുമില്ല. ആരും സ്നേഹിച്ചില്ല; ദ്വേഷിച്ചുമില്ല. ഒന്നും സംഭവിച്ചില്ല. അതെ, സ്റ്റേഷനിൽവച്ച് കുറെപ്പേർ ഇറങ്ങി. കുറെപ്പേർ കയറി. നെൽപ്പാടങ്ങളിൽ കൃഷകർ പണിയെടുക്കുന്നതു കാണാം. സ്റ്റേഷനുപുറത്ത് ഒരു കടലക്കാരൻ കടലയും വിററു നടക്കുന്നു. കട്ടംചുമപ്പുനിറമാന്ന കരയുള്ള ഒരു പച്ചസ്സാരിയുടുത്ത ഒരു കൂലിക്കാരിപ്പെണ്ണ് പിച്ചനടക്കുന്ന തൻെറ ഓമനക്കുഞ്ഞിനെ കടലയ്ക്കു തീറ്റിക്കൊണ്ടിരിക്കുന്നു. ഞാൻ ചുമച്ചു ചുമച്ച് സ്റ്റേഷനിലെ പ്ലാററ്ഫാറത്തിലേക്കു തുപ്പി. ആ സ്ത്രീയെ നീ വെറുക്കുമെന്നു കരുതിയാവാം ഞാൻ കാക്കിച്ചു തുപ്പിയതു്. നിന്നെ ദേഷ്യപ്പെടുത്താനല്ല; നീയിവിടെ ഉണ്ടായിരുന്നുവെങ്കിൽ അത്തരത്തിൽ വെറുപ്പു പ്രകടിപ്പിക്കുമെന്ന് എനിക്കറിയാം. അതായതു് നിൻെറ അപ്രസന്നതയുടെ മൂലയിലെങ്കിലും സ്നേഹത്തിൻെറ കണിക നേടുകയാണു ഞാൻ; ചവററുകൊട്ടയുടെ നടുക്കു് റൊട്ടിക്കഷണം തിരയുന്ന ചാവാലിപ്പട്ടിയെപ്പോലെ. ഞാൻ സ്വയം നിർദ്ദയനാണു്: നിർദ്ദയനാകാനാണു് ആശിക്കുന്നതും. എല്ലാത്തരത്തിലുമുള്ള—ബുദ്ധിപരവും ഭാവപരവുമായ—തൊലിയുരിച്ചു് സ്വയം കാണാനാണു് അഭിലഷിക്കുന്നതു്. എന്താണെന്നറിഞ്ഞുകൂടാ. സ്വന്തം നഗ്നത കാണാൻ മോഹമങ്കുരിച്ചതു് എന്തുകൊണ്ടാണാവോ? ഈ പ്രദർശനത്തിൽനിന്നെന്തുകിട്ടും? ശരീരത്തെ സില്ക്കുകൊണ്ടും ചുണ്ടുകളെ ചെഞ്ചായം കൊണ്ടും മറച്ചുവെയ്ക്കുന്ന

നീ, എൻെറ നഗ്നമായ ആത്മാവുകണ്ടു് എന്നെ കൂടുതൽ വെറുക്കുകയില്ലേ?

വണ്ടി പതുക്കെ സ്റ്റേഷനിൽനിന്നു പുറപ്പെട്ടു. പശ്ചിമഘട്ടത്തിലെ കുന്നുകൾ തരണംചെയ്യുകയാണതു്. പെട്ടെന്നു നേരിയ ചാററൽമഴ നാലുപാടും പരന്നു. പാടത്തു പണിയെടുക്കുന്നവർ കുനിഞ്ഞു് ഉണക്കിലകൊണ്ടുണ്ടാക്കിയ തൊപ്പികുടയെടുത്തു തലയിൽവെച്ചു. ഭർത്താവിൻെറ ഭുജത്തിൽ താങ്ങിക്കിടന്നുറങ്ങിയിരുന്ന ഗോവാക്കാരി സുന്ദരി മഴയുടെ ശബ്ദംകേട്ടു് ഉണൎന്നെഴുന്നേററു. എന്നിട്ടു പുഞ്ചിരിതൂകിക്കൊണ്ടു് ഭർത്താവിനോടു പറഞ്ഞു: "ഓഹരാം ശാരാം, ശോവശ്, ഷാർലാം." ഈ ശബ്ദം ഞാൻ ശരിക്കല്ല ഉച്ചരിക്കുന്നതു്. അവളുടെ സ്വരത്തിൻെറ മാധുര്യത്തിലും ശബ്ദത്തിൻെറ ആരോഹണക്രമത്തിലും ഞാൻ ആനന്ദിതനായിത്തീരുന്നു. അവൾ ഗോവയിൽ താമസിക്കുന്നു; അവിടത്തെ ഭാഷ സംസാരിക്കുന്നു. സ്വന്തം രക്തത്തിൽ ഭാരതത്തിൻെറ ചൂടും സ്വന്തം നഖശിഖകളിൽ ഏഷ്യയുടെ തീക്ഷ്ണതയും പകൎന്നിട്ടുള്ള ഈ പോർത്തുഗീസുവനിത ഒരത്ഭുതസ്വരത്തിൽ മധുരമായി സംസാരിക്കുന്നു. അവളുടെ തൊണ്ട ഭാരതീയമാണു്, അതിൽനിന്നു പുറപ്പെടുന്ന ധ്വനി വൈദേശികവും. തന്മൂലം രണ്ടുംകൂടിച്ചേൎന്നൊരു വിചിത്രമാധുര്യം ജനിപ്പിച്ചു. ഒരു വിചിത്രമോഹിനി! "ഓഹരാം ശാരാം, ശോവശ്, ഷാർലാം." എന്താണവൾ പറയുന്നതെന്നറിഞ്ഞുകൂടാ. ഇതോ, ഇതിൽ കൂടുതൽ വല്ലതുമോ ആണതെന്നു മാത്രമറിയാം. അതൊരു വിചിത്രഗീതമാണു്, വിദേശരാഗമാണു്,

നാടെങ്ങും സംഗീതംപരത്തുന്ന മൺസൂണിലെ മഴയാണു്. അവളുടെ പതി പുഞ്ചിരിതൂകി. ഇരുവരും ഒരുമിച്ചു പുറത്തേയ്ക്കു നോക്കി. അവരുടെ അടുത്തു് ആ സ്ത്രീയുടെ ശചശ്രൂ ഇരിപ്പുണ്ടു്. കറുത്ത സില്ക്കുകുപ്പായവും കഴുത്തിൽ വെള്ളിക്കുരിശ്രുമണിഞ്ഞു് ശ്ലാനമായ മുഖഭാവത്തോടെ മിശ്രദേശത്തിലെ മമ്മികളെപ്പോലെ ഒരു ദുർബലയായ സ്ത്രീ. അടുത്തുള്ള ദമ്പതികളുടെ ഹൃദയങ്ങളെ ചലിപ്പിക്കുന്ന വിദ്യുച്ഛക്തി അവളുടെ ഹൃദയത്തെ സ്പൃശിക്കുന്നില്ല. ആത്മാവു മരവിച്ച ഒരു കത്തോലിക്കാവൈരാഗിണിയാണവൾ. ഹൃദയത്തിലെ കാന്തസൂചി മരവിക്കുമ്പോൾ ജീവിതം എവിടെയായിരിക്കും? ആ സന്ദർഭത്തിൽ ഹൃദയത്തിലെ അത്യന്തം ശക്തിമത്തായ കമ്പിക്കുപോലും അല നിർമ്മിക്കുവാൻ സാദ്ധ്യമല്ല. അവളൊരു പാവം തള്ള; ദുഃഖിത. മിശ്രമമ്മികളെപ്പോലെ മൃതപ്രായ. യുവതചത്തിൻെറ ഉന്നതശിഖരങ്ങളിൽ കൂടെകൂടെ ചിരിച്ചുകൊണ്ടു് ചരിക്കുന്ന നീയോ? നിനക്കിപ്പോഴും ജീവനുണ്ടോ?......

"ഓഹരാം ശാരാം, ശോവശ്, ഷാർലാം" എന്താണവൾ പറയുന്നതാവോ? അവളുടെ തൊണ്ടയിൽനിന്നും ശബ്ദം ഒരു പാടുന്ന പുഴയെപ്പോലെ ഒഴുകുകയാണു്. ഭർത്താവതു കേട്ടു മന്ദഹസിച്ചുകൊണ്ടു് തൻെറ കാമിനിയുടെ മുഖത്തുണ്ടാവുന്ന ഭാവഭേദങ്ങളെ സൂക്ഷിക്കുന്നു. ഇളംചുവപ്പു്, ചുവപ്പു്, കടുംചുവപ്പു് അങ്ങനെ പല നിറങ്ങളും. അവൾ ധരിച്ചിരുന്നതു് പവിഴവർണ്ണത്തിലുള്ള ഒരു സാരിയാണു്. അതിനു് രണ്ടുമൂന്നിടത്തു് കീറലുണ്ടു്. കാലിൽക്കിടക്കുന്ന ചിലങ്കയും പുതിയതല്ല. കൈയിലുള്ള വളകളും

ങ്ങളെങ്ങിയതാണു്. എല്ലാ വസ്തുക്കളും പഴയതാണു്. എങ്കിലും അവളുടെ മുഖം പുതിയതാണു്; അവളുടെ ആത്മാവു് പുതിയതാണു്; അവളുടെ ആ പുഞ്ചിരി പുതുമ പൂശിയതാണു്. അവളുടെ ആ പുതിയ സ്വരം മഴപോലെ ആർദ്രവും ശീതളവും മധുരവും മാദകവും ആണു്. അവളുടെ ഭർത്താവു് പുഞ്ചിരി തൂകിക്കൊണ്ടു് പുറത്തെന്തോ അവൾക്കു് കാണിച്ചുകൊടുത്തു. അവളങ്ങോട്ടു കണ്ണയച്ചു; ഞാനും. പുറത്തൊരു കുന്നിന്മേൽ ഒരിടയനും അയാളുടെ ഭാര്യയുംകൂടി ആടുകളെ മേയ്ക്കുകയാണു്. ആ സ്ത്രീയുടെ മടിയിൽ ഒരാട്ടിൻകുട്ടിയുണ്ടു്. ഇടയൻ തന്റെ കൈമുട്ടു് അവളിലർപ്പിച്ചുകൊണ്ടു് ഓടക്കുഴൽ വിളിക്കുകയാണു്. ഈ രംഗത്തിനൊരു വിശേഷതയുമില്ല. കൊല്ലങ്ങളായി കണ്ടുവരാറുള്ള പ്രേമരംഗം.

പക്ഷേ, ഉത്തരക്ഷണത്തിൽ ഞാനെന്താണു് കണ്ടതു്? ആ സ്ത്രീ രണ്ടുകൈകൊണ്ടും മുഖംപൊത്തി, ജനലിങ്കൽനിന്നും തലതിരിച്ചു്, ഭർത്താവിനെ പാറിനിന്നു് വിങ്ങിവിങ്ങിക്കരയാൻ തുടങ്ങി......

ഞാൻ സ്തംഭിച്ചുപോയി. എന്താണുണ്ടായതു്? ഇതിൽ കരയാനെന്തുള്ളൂ? ഞാൻ വിസ്മയത്തോടെ ആ സ്ത്രീയെയും ഭർത്താവിനെയും നോക്കി. അയാൾ മുമ്പുകേട്ട അപരിചിതഭാഷയിൽ അവളെ സാന്ത്വനിപ്പിക്കയാണു്. പെട്ടെന്നു്, വൃദ്ധയായ ആ മിശ്രമമ്മി ആ യുവാവിനെ തുറിച്ചുനോക്കി കഠോരസ്വരത്തിലെന്തോ പറഞ്ഞു. യുവാവു പരിഭ്രമിക്കുന്നതുപോലെ തോന്നി. യുവതി ആദ്യത്തേതുപോലെ തേങ്ങിത്തേങ്ങിക്കരഞ്ഞു. വൃദ്ധ അവളെ

പ്രസാദിപ്പിക്കാനൊന്നും ഒരുങ്ങിയില്ല; പകരം എന്റെ അടുത്തുള്ള ഒഴിഞ്ഞ സീററിൽ വന്നിരുന്നു് പുറത്തേക്കു് നോക്കാൻ തുടങ്ങി. അവളുടെ കറുത്ത സിൽക്കുടുപ്പിൽനിന്നു് നാസാദ്വാരത്തിനപരിചിതമായ ഒരു സുഗന്ധം പ്രസരിച്ചിരുന്നു. മിശ്രദേശത്തിലെ മമ്മി വളരെക്കാലത്തിനുശേഷം സമാധിയിൽ നിന്നെഴുന്നേററു വന്നതുപോലെ തോന്നി. പഴയതും പരിചിതമല്ലാത്തതുമായ ഒരു സൗരഭ്യം. ഞാനവളെയൊന്നു നോക്കി. വൃദ്ധയുടെ നിരാശ്രയമായ കൈയുകൾ വിറച്ചു. അവൾ വീണ്ടും ജന്നലിലൂടെ പുറത്തേയ്ക്കു നോക്കി. പിന്നീടു് കുറച്ചുനേരത്തേയ്ക്കു് പൂർണ്ണനിശ്ശബ്ദതയായിരുന്നു, ആ ഗോവാസുന്ദരിയുടെ താഴ്ന്നസ്വരത്തിലുള്ള തേങ്ങിക്കരച്ചിലൊഴിച്ചാൽ.

ഞാൻ വൃദ്ധയോടു ചോദിച്ചു: "ഇവളുടെ ഭർത്താവു് എന്തുപറഞ്ഞിട്ടാണു് ഇവളിത്ര തേങ്ങിക്കരയുന്നതു്?"

വൃദ്ധ ക്ഷണനേരത്തേയ്ക്കു് എന്നെ അത്ഭുതത്തോടെ നോക്കി. എന്നിട്ടു പറഞ്ഞു: "നിങ്ങളോടാരു പറഞ്ഞു, ഇതിവളുടെ ഭർത്താവാണെന്നു്? ഇവൻ സഹോദരനാണു്!"

"സഹോദരനോ?" എൻെറ വായ് വിസ്മയംമൂലം തുറന്നപാടേയിരുന്നു.

"പിന്നല്ലാതെ?" വൃദ്ധ കുറച്ചു കനത്തസ്വരത്തിൽ പറഞ്ഞു. "ഇവളുടെ ഭർത്താവു് ജയിലിലിലാണു്."

"ജയിലിലിലോ?"

വൃദ്ധ തലയാട്ടി. "അവനു് ഇരുപത്തിയെട്ടുകൊല്ലത്തെ തടവാണു്."

“ഇരുപത്തിയെട്ടുകൊല്ലം തടവോ? വല്ല കൊലയും നടത്തിയോ?”

“ഇല്ല.”

“കൊള്ള ചെയ്തോ?”

“ഇല്ല.”

“പിന്നെ ഈ ഇരുപത്തിയെട്ടുകൊല്ലത്തെ തടവെന്തിനാണെന്നു് മനസ്സിലാകുന്നില്ല.”

“അതൊട്ടു മനസ്സിലാവുകയുമില്ല. എന്തുചെയ്യാനാണു്? അവനെൻെറ മകനാണു്. ഇരുപത്തിയെട്ടുകൊല്ലത്തെ ജയിൽശിക്ഷയാണവനു്. മററന്നാളത്തെ കഴിഞ്ഞാൽ എനിക്കവനെ കാണാൻ പററില്ല. അവരവനെ ലിസ്ബണിലേയ്ക്കു് കൊണ്ടുപോവുകയാണു്.”

“ലിസ്ബൺ!”

“അതെ. അവൻ ഗോവയിലെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു.”

“പക്ഷേ.....പക്ഷേ.....” തൻെറ കണ്ണുകൾ തുടച്ചുകൊണ്ടിരുന്ന ആ യുവതിയുടെനേക്കു് ഞാൻ കണ്ണയച്ചു. “ഈ യുവതിക്കു് വഴിക്കിതുവരെ വലിയ ഉത്സാഹം തോന്നിയിരുന്നല്ലോ.”

“അതെ, ഇവളും സത്യഗ്രഹത്തിനു് ഗോവയിലേയ്ക്കു പോകയാണു്. ഇവളെയും അറസ്റ്റുചെയ്തു് ലിസ്ബണിലേയ്ക്കു് കൊണ്ടുപോകട്ടെ എന്നാണു് വിചാരം. അതാണു് സന്തോഷകാരണം. ഇതു ഗോവയിലെ പുതിയൊരു ചെടിയാണു്.” വൃദ്ധ കഠിനസ്വരത്തിൽ പറഞ്ഞു.

ഞാൻ പുഞ്ചിരി പൊഴിച്ചുകൊണ്ടു പറഞ്ഞു: "ഒരു ചോദ്യവുംകൂടി."

വൃദ്ധ തിരിഞ്ഞിരുന്നു പറഞ്ഞു: "നിങ്ങളിന്നു കുറെ ചോദിക്കുമല്ലോ."

"ഒരു ചോദ്യവും കൂടി. വൃദ്ധമാതാവേ, ശുദ്ധമാതാവേ, ഇതൊന്നു പറഞ്ഞുതരൂ. നിങ്ങളുടെ മകൻ ഇരുപത്തെട്ടുകൊല്ലത്തേക്കു് ജയിലിൽ പോകുന്നു. അമ്മയുടെ കണ്ണിൽ ഒരുതുള്ളി കണ്ണുനീർ പൊടിയുന്നില്ല."

ആ വൃദ്ധസ്ത്രീ എന്നെ ആപാദചൂഡമൊന്നു തുറിച്ചു നോക്കി. അവളുടെ, പാവയുടേതുപോലുള്ള മുഖത്തു് കോപത്തിൻെറ അരുണിമ പരന്നു. അവൾ പറഞ്ഞു: "അമ്മ മകനെ പ്രസവിക്കുന്നു. എന്തിനു്? ഒരു പുത്രനെജ്ജനിപ്പിക്കൽ മാത്രമാണോ ആവശ്യം? അതോ, അവനെ ഒരു ലോകമേല്പിച്ചു കൊടുക്കാനോ? ഓരോ മാതാവും പുത്രനെ പ്രസവിക്കുമ്പോൾ അവനു് ഒരു ലോകം നല്കുന്നു. ആ പുത്രൻ പിതാവാകുമ്പോൾ തൻെറ പുത്രനു് ആ ലോകം കൊടുക്കും. ഇങ്ങനെ പിതൃപുത്രന്മാരുടെയും മാതാവിന്റെയും പാരമ്പര്യം നിലനിന്നുപോരുന്നു. ഇതു രണ്ടാൾ തമ്മിലുള്ള ബന്ധമല്ല. മൂന്നുപേർ തമ്മിലുള്ളതത്രേ. ഒരമ്മ തൻെറ മകനു തൻേറതിനേക്കാൾ നല്ലൊരു ലോകം—അതു ചെറുതായിക്കൊള്ളട്ടെ, ചീത്തയായിക്കൊള്ളട്ടെ, എങ്കിലും അവളുടേതിനേക്കാൾ നല്ലൊരു ലോകം—നല്കുന്നില്ലെങ്കിൽ പിന്നെ മാനുഷികപ്രേമവും മൃഗീയപ്രേമവും തമ്മിൽ എന്തന്തരമാണുള്ളതു്?"

ആ വൃദ്ധ കോപത്തോടെ എൻെറനേക്കു നോക്കി,

സ്വപുത്രൻെറ തടവിൽ തെററുകാരൻ ഞാനാണെന്നതു പോലെ.

മകൻ ഇരുപത്തെട്ടുവഷത്തെ കാരാഗൃഹവാസത്തിനുപോയിട്ടും നേത്രങ്ങളിൽ അശ്രുകണം സ്ഫുരിക്കാത്ത ആ അമ്മയുടെനേക്കു ഞാൻ അത്ഭുതത്തോടും ആദരവോടുംകൂടി നോക്കി. കണ്ണുനീരിനിടയിൽക്കൂടി പുഞ്ചിരിക്കാൻ ശ്രമിക്കുന്ന ആ യുവതിയെയും ഞാനൊന്നു നോക്കി. അവൾ പതിദശ്നാത്ഥം, മഞ്ചലിലിരുന്നു ശ്വശ്രുരഗൃഹത്തിലേയ്ക്കു പോവുകയാണെന്നു തോന്നും. മോനാ, നാമിരുവരും ഡ്രായിംഗ് റൂമിൽവച്ചാണു പ്രേമിച്ചതു്. ഒന്നു പുറത്തുവന്നു നോക്കൂ, പ്രേമമെന്നാലെന്താണെന്നു്. ഗോവയിലെ ദരിദ്രരെ കൊള്ളയടിക്കുന്ന കാര്യസ്ഥന്മാരും ഓഹരിക്കാരും നിറഞ്ഞ ഒരു ബാങ്കിൻെറ മാനേജരാണു റൊസാരിയോ. നാം ഡ്രായിംഗ്റൂമിലിരുന്നു സുഗന്ധിതമായ പ്രേമത്തെ ഹൃദയത്തിൻെറ പൂത്തട്ടങ്ങളിൽ വച്ചലങ്കരിച്ചു വാസനിക്കുമ്പോൾ പുറത്തു രക്തച്ചൊരിച്ചിൽ നടക്കുകയാണെന്നു ഞാനോ നീയോ റൊസാരിയോവോ അറിഞ്ഞില്ല.

മോനാ, ഇവിടത്തെ പ്രശ്നം നിൻെറ വിസ്മരണമോ എൻെറ മരണമോ അല്ല. അറുപതുവയസ്സായാലും നൂററിഅറുപതുവയസ്സായാലും ആയിരത്തിഅറുനൂറു വയസ്സായാലും അതൊരു പ്രശ്നമേയല്ല. ഇടിമിന്നലിൻെറ പ്രകാശം മാതിരി കാലത്തിൻെറ ഒരു കണികമാത്രമാണതു്. മനുഷ്യൻ ജനിക്കുന്നതിനുമുമ്പും മരിക്കുന്നതിനു പിമ്പും കാലത്തിൻെറ പ്രകാശം പ്രസരിച്ചുകൊണ്ടിരുന്നു. ആകാശത്തു

പഴയതാരങ്ങൾ കൊഴിഞ്ഞുവീഴുകയും പുതിയവ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു. ഭൂമി സൂര്യനെ ചുററിക്കൊണ്ടിരുന്നു; ചുററിക്കൊണ്ടിരിക്കുന്നു; നമ്മുടെ കാലശേഷം ചുററിക്കൊണ്ടിരിക്കയും ചെയ്യും. നിൻെറ പക്കൽ, കാലത്തിൻെറ ഒരു കണിക, ആകാശത്തിലെ ഒരു കൊച്ചു പ്രകാശം, ഭൂമിയുടെ ഒരു തിരിയൽ മാത്രമേ ഉൾക്കൊണ്ടിട്ടുള്ളു. അതിനാൽ പ്രശ്നം ജീവിതകാലത്തിൻേറതല്ല. ജീവിതത്തെ സംബന്ധിക്കുന്നതാണു്. നീ സ്വജീവിതത്തിൽ എന്തുചെയ്തു? ആരെയെങ്കിലും ആത്മാർത്ഥമായി സ്നേഹിച്ചുവോ? ഏതെങ്കിലും മിത്രത്തിനു സദുപദേശം നല്കിയോ? ഏതെങ്കിലും ശത്രുപുത്രനെ സ്നിഗ്ദ്ധനേത്രങ്ങളാൽ നോക്കിയോ? ഇരുട്ടിൽ വെളിച്ചം വിതറിയോ? ഇതുവരെ ജീവിച്ചതുകൊണ്ടെന്തു പ്രയോജനമുണ്ടായി? മോനാ, നീ കേൾക്കുന്നുണ്ടോ?

നോക്കു മോനാ, പശ്ചിമഘട്ടത്തിൽ അരുണോദയമട്ടത്തു. വണ്ടി പൂനസ്റ്റേഷനെത്തി. പർവ്വതം ഇടസ്സിടസ്സു് ഇടിച്ചുതാഴ്ത്തപ്പെട്ടിരിക്കുന്നു. ദൂരെ പൂർവ്വദിക്കിൽ താഴ്‌വരകളും സമതലങ്ങളും വീടുകളും പാടങ്ങളും കാണപ്പെടുന്നു. പാടങ്ങളിൽ കൃഷകരുടെ കലപ്പ, ഭൂമീദേവിയുടെ മാറിടം കുത്തിപ്പിളർക്കുന്നതുപോലെ ആണ്ടിറങ്ങുന്നു. ഞങ്ങളുടെ വണ്ടി ഉയരത്തിലാണു്. അങ്ങകലെവരെ കിഴക്കു്, ഭൂമി കീഴ്പോട്ടിറങ്ങിക്കൊണ്ടിരിക്കുന്നു.

നോക്കു മോനാ, ഇന്നു പൂർവ്വപർവ്വതത്തിൽനിന്നും സൂര്യൻ ഉദിച്ചുയരുന്നതു് അടിമത്തത്തിൽനിന്നു് വിപ്ലവം പൊട്ടിപ്പുറപ്പെടുന്നതുപോലെയാണു്. നാലുവശത്തും

പ്രകാശംതന്നെ പ്രകാശം. അതുസാവധാനത്തിൽ വർദ്ധിക്കുന്നു. പ്രഭാതം സമാഗതമായിരിക്കുന്നു.

സൂര്യൻ ഉദിക്കുന്നതുവരെ, ജീവിതദിശ സ്പഷ്ടമാകുകയില്ലെന്നതു വാസ്തവമാണ്. പ്രഭാതമായാൽ, സൂര്യൻ എവിടെനിന്നാണുദിക്കുന്നതെന്നെങ്കിലുമറിയാം.

ആ ദിക്കു സൂര്യോദയത്തിനുമുമ്പു ചോരപോലെ ചുമന്നിരിക്കുന്നു. പിന്നെ ആ ശോണിമ ജ്വാലയായിത്തീരും. അവസാനം പ്രകാശംമാത്രം ബാക്കിവരും; കറുത്ത നിറമാന്ന വൃക്ഷങ്ങളിൽക്കൂടി കിരണങ്ങൾ ഊന്നിറങ്ങും. കാളിമപൂണ്ട വയലുകൾ ഹരിതവർണ്ണമാന്നു തിളങ്ങും. വീട്ടുകളുടെ മേൽക്കൂരയിൽനിന്നു പുക പുറപ്പെട്ടും. വണ്ടിയുടെ ജന്നൽപലകകളിൽ കാണുന്ന മഴയുടെ സൂക്ഷ്മകണങ്ങളിൽ മഴവില്ലിൻെറ നിറം അങ്കുരിക്കും. പുല്ലിൻതുമ്പത്തു മഞ്ഞുതുള്ളികൾ പ്രശോഭിക്കും; അങ്ങുകലെ പക്ഷികൾ തങ്ങളുടെ ചിറകുവിരുത്തി മേഘങ്ങളുടെ തോളത്തു കയറിയിരുന്നു സൂര്യനെ സ്വാഗതം ചെയ്യാൻ പുറപ്പെട്ടും.

മോനാ, ഞാൻ നിശ്ചയിച്ചുകഴിഞ്ഞു. ഞാനാത്മഹത്യ ചെയ്യുകയില്ല. നിന്നെ മറക്കുകയുമില്ല. നിന്റെ ബുദ്ധിശൂന്യവും ദുർബലവുമായ പ്രേമത്തിനുപകരം വിശാലവും ബലവത്തരവുമായ ഒരു പ്രേമമാണു ഞാൻ സമപ്പിക്കുന്നതു്.

മോനാ, ഞാൻ പൂനയിലേയ്ക്കുപോവുന്നില്ല. ലിസ്ബണിലേക്കാണെൻെറ യാത്ര. അവിടെ അക്രമങ്ങളെ സുധീരം ചെറുത്തുകൊണ്ടു ഞാനൊരു പ്രഭാതത്തെ പ്രതീക്ഷിക്കും; നീ എൻെറ നാട്ടുകാരൊത്തു ചിറകുവിരിച്ചു സ്വാതന്ത്ര്യസൂര്യനെ സ്വാഗതം ചെയ്യുന്ന ആ സുന്ദരസുപ്രഭാതം!

# കള്ളൻ

അയാൾവന്നു് എൻെറയടുത്തു് ഇരുന്നു. എനിക്കയാളെക്കണ്ടു മഹാവെറുപ്പു തോന്നി. ചെളിനിറഞ്ഞ കുപ്പായം. മുഷിഞ്ഞു് കീറിത്തുടങ്ങിയ പാൻറു്. അവിടവിടെ മണ്ണിൻെറ പാടുകൾ; കുറെനേരമായി ഈ വേഷത്തിൽ നിലത്തു കിടന്നുറങ്ങിയതാണെന്നു തോന്നും. അയാളുടെ മുഖം ശ്മശ്രുനിറഞ്ഞതാണു്: കവിളുകൾ ഒട്ടിയിരുന്നു. ആ കണ്ണുകളിൽ ഒര സാധാരണ തേജസ്സ് കാണാമായിരുന്നു. ഒരു കാട്ടിൽ കരടികൾക്കിടയിൽപ്പെട്ട മാൻപേടയെപ്പോലെ ആ കണ്ണുകൾ വിറച്ചിരുന്നു. പക്ഷേ, പേടമാൻ ഭംഗിയുള്ളതായിരിക്കുമല്ലോ. ആ വ്യക്തിയിലാകട്ടെ സൗന്ദര്യം, മുദുലത പേരിനുപോലുമില്ലായിരുന്നു. അയാളുടെ ഉണങ്ങിമെലിഞ്ഞ കഴുത്തിൽ ചെളി കട്ടപിടിച്ചിരിക്കുന്നു. അതു മാന്തിക്കളെയുന്നതുതന്നെ ദുഷ്കരമാണു്. തുരുമ്പു് ഇരുമ്പിനെ ഗ്രസിക്കുന്നതുപോലെ ചെളി തൊലിയെ ഗ്രസിച്ചതുപോലെ തോന്നും. അയാൾ ആ കഴുത്തിലൊന്നു ചൊറിഞ്ഞു. അവിടെ തൊലിയല്ല ചോരയാണു കാണപ്പെട്ടതു്. എനിക്കു് അയാളുടെ കഴുത്തും മുഖവും കൈകളും ചെളിക്കട്ടയും കണ്ടു് അറപ്പുതോന്നി. ഞാൻ ബസ്സിൻെറ കിളിവാതിലിനടുത്തേയ്ക്കു നീങ്ങിയിരുന്നു. ആ ഇളംചുമപ്പുനിറത്തിലുള്ള സില്ക്കുഫ്രോക്കു ധരിച്ച പെൺകുട്ടിയാണു് എൻറടുത്തുവന്നു് ഇരുന്നതെങ്കിലോ!—

പെട്ടെന്നു് ആ താടിക്കാരൻ ഉറക്കെയൊന്നു ചുമച്ചു. ഞാൻ ജനലിനടുത്തായിരുന്നതിനാൽ, അഥവാ ജനൽ എൻറടുത്തായിരുന്നതിനാൽ അയാൾ തുപ്പാൻവേണ്ടി ജനലിങ്കലേയ്ക്കു്, എൻെറ അടുത്തേയ്ക്കു നീങ്ങി. അയാൾ തുപ്പിയിട്ടു് എൻെറ ദേഹത്തിൽ വസ്ത്രംമുട്ടിച്ചു തിരികെ ചെന്നിരുന്നു. ആ 'വേഷം' ഉരസിയിരുന്ന സ്ഥലത്തെല്ലാം ചെളിയുടെ അടയാളങ്ങൾ കാണാമായിരുന്നു. ഒരു മിനിററുമുമ്പു് എൻെറ കുപ്പായം നല്ല വെള്ളനിറത്തിലുള്ളതായിരുന്നു. ഇപ്പോഴാകട്ടെ വരയുള്ളതായിത്തീന്നു. ഒരു മിനിററുമുമ്പേ എൻെറ പാൻറു് ക്രീംനിറത്തിൽ, അമേരിക്കൻ ഷാക്ക്സ്കിൻ കൊണ്ടുള്ളതായിരുന്നു. ഇപ്പോഴതു തവിട്ടുനിറത്തിലുള്ള ഖദറായിത്തീന്നു! ഒരു ദരിദ്രന്നു് ഒരു ബസ്സുമുഴവൻ ചീത്തയാക്കാൻ പററുന്നതെങ്ങനെയാണെന്നു് ഇന്നാണു് എനിക്കു മനസ്സിലായതു്. ഈ സക്കാരിന്നു്, ദരിദ്രന്മാക്കുവേണ്ടി വേറെ ബസ്സോടിച്ചാലെന്താ? നമ്മോട്ടു് ഇൻകാടാക്സു് വസൂൽചെയ്യുന്നില്ലേ?

ഞാൻ ആ മനുഷ്യനെയൊന്നു തുറിച്ചുനോക്കി. അയാൾ എൻെറനേക്കു കൂടുതൽ തുറിച്ചുനോക്കിക്കൊണ്ടു കടംവീട്ടി. അയാളുടെ നേത്രങ്ങളിലെ കോപം കൂടുതൽ ദീപ്തിമത്തായി; മെലിഞ്ഞ കഴുത്തു മേല്പോട്ടും കീഴ്പോട്ടും ചലിച്ചുതുടങ്ങി. അപ്പോഴേയ്ക്കും ബസ്കണ്ടക്ടർ അടുത്തുവന്നു. ആ മെലിഞ്ഞ മനുഷ്യൻ തൻെറ പാൻറിൽ കൈയിട്ടുതപ്പി ഒരു ഒററയണത്തുട്ടെടുത്തു കൊടുത്തിട്ടു് അന്ധേരിയിലേയ്ക്കു് ഒരു ടിക്കററു മേടിച്ചു. ഈ അന്ധകാരം 'അന്ധേരി'വരെ എൻെറകൂടെ ഉണ്ടായിരിക്കും! ഭാഗ്യ

ഫീനൻ! ഇയാൾ ക്ക്എൻെറ സീററിൽത്തന്നെ ഇരിക്കണ മായിരുന്നോ? എത്ര നല്ല ബസ്സാണു്! പച്ചനിറത്തിലുള്ള സീററു്, നീലവൎണ്ണത്തിലുള്ള ടോപ്പു്; സില്ക്കിൻെറ തവി ട്ടുനിറവും ലിപ്സ്റ്റിക്കിൻെറ ചുമപ്പുനിറവും കലൎന്ന ധവള വൎണ്ണത്തിലുള്ള കമ്പികൾ! എന്നിട്ടു് ഇങ്ങനെയൊരു മനു ഷ്യൻ എൻെറ സമീപത്തു വന്നിരിക്കുന്നു! ഫുട്പാ ത്തിൽനിന്നു ചപ്പും ചവറുംവാരി ആരോ എൻെറ നേ ക്കെറിയുന്നതുപോലെ എനിക്കു തോന്നി. എന്തൊരു തെ മ്മാടിത്തമാണു്! ഛെ—

ഞാൻ നന്മയെ ഇഷ്ടപ്പെടുന്ന ഒരു വ്യക്തിയാണെ ന്നുള്ളതാണു വിഷമം. ഞാൻ വണ്ടികളിൽ 'കേഡ് ലക്കി'നെയും വസ്തുങ്ങളിൽ 'ഷാക്ക്സ്കിനെ'യും ഇഷ്ട പ്പെടുന്നു. പക്ഷേ, ഈ ജീവിതം, ഈ പ്രപഞ്ചം എൻെറ ഭാവനകളെ നിർദ്ദയം വധിക്കുന്ന ജോലിയിൽ ഏർപ്പെ ട്ടിരിക്കുന്നതുപോലെ തോന്നും. എന്താണു ചെയ്യേണ്ടതു്? ഞാൻ എൻെറ മടിയിൽ കിടന്നിരുന്ന പുസ്തകമെടുത്തു് അതിൻെറ ഏടുകളിൽ ഒതുങ്ങിക്കൂടാൻ ആശിച്ചു. അ തൊരു നല്ല ഫ്റഞ്ച്നോവലായിരുന്നു. അതിൽ ഒരു പുത്രി, പിതാവിൻെറ കാമുകിയോടു വൈരം വച്ചുപുല ൎത്തുകയും കാമുകിക്കു് ആത്മഹത്യ ചെയ്യേണ്ടിവരുകയും ചെയ്യുന്നതാണു കഥ. അതിലെ രണ്ടുമൂന്നു പേജ് വായി ച്ചുതീൎന്നപ്പോഴേയ്ക്കും അടുത്ത സ്റ്റോപ്പിൽ ബസ്സ് നിന്നു. യാ ത്രക്കാരുടെ ഒരു പ്രവാഹം ബസ്സിലേയ്ക്കുണ്ടായി. ഈയറ്റം മുതൽ ആ അറ്റംവരെ, കമ്പിയിൽ പിടിച്ചുനിന്നു് അ വർ വൎത്തമാനം പറയാനും തുടങ്ങി. ഞാൻ പരിഭ്രമിച്ചു

പുസ്തകമടച്ചു. ഈ 'പഹയർ' വായിക്കാനനുവദിക്കില്ല! ഞാനവരെ നിരീക്ഷിക്കാൻ തുടങ്ങി. ജീവിതത്തിൻെറ ഈ 'പോക്കററ് പതി'പ്പിൽനിന്നു് ഹൃദയാനന്ദത്തിനുള്ള വക കിട്ടിയെങ്കിലോ!

പാവം ബസ്കണ്ടക്ടർ ഉടനുടൻ തൻെറ യാത്രക്കാരിൽനിന്നു് പണം വാങ്ങുന്നതിൽ ശ്രദ്ധിച്ചുകൊണ്ടിരുന്നു. പണം വാങ്ങും, ടിക്കററു് കീറിക്കൊടുക്കും, ബാക്കി ചില്ലറ മടക്കിക്കൊടുക്കും, ചെറിയ സ്റ്റോപ്പുകളിൽ വണ്ടിയെത്തുമ്പോൾ കോപംനിറഞ്ഞ സ്വരത്തിൽ 'സ്ഥലമില്ലെ'ന്നു വിളിച്ചുപറയും! അയാൾ സഹാരൻപൂരിലെയോ മീററിലെയോ ആണെന്നു് വത്തമാനത്തിൽനിന്നു് മനസ്സിലാക്കാം. അയാളുടെ തലയിലെ തൊപ്പി ഒരുവശത്തേക്കു് ചെരിഞ്ഞു് ഇരുന്നിരുന്നു. കാക്കിനിറത്തിലുള്ള കോട്ടിൻെറ രണ്ടുബട്ടൺ പൊട്ടിപ്പോയിരുന്നു. അയാളുടെ പൈജാമ ഒരു പ്രത്യേകതരത്തിലായിരുന്നു. എങ്കിലും അയാളെക്കണ്ടാലാക്കും ചിരിവരില്ല. പ്രഥമദൃഷ്ടിയിൽത്തന്നെ വിചിത്രതരത്തിലുള്ള ഒരു നൈരാശ്യപൂരിതനാണയാളെന്നു് ബോദ്ധ്യമാകും. കാട്ടിൽ കൂട്ടവെടിഞ്ഞ ഒരു മൃഗം, വേട്ടക്കാരാൽ വലയപ്പെട്ട ഒരു ഇര, ഉണങ്ങിയ ഒരു മരം, നിരുപയോഗമായിത്തീന്ന ഒരു പാത്രം. ഇവയൊക്കെ അയാളെക്കണ്ടാൽ സ്മരണയിലുദിക്കും. ഇളംകാററത്തു് കൊഴിഞ്ഞുവീഴുന്ന വെള്ളിലകളുടേയും, മെലിഞ്ഞ മരത്തിൻെറ നേരിയ നിഴലിൽ അഭയംതേടി, വെയിൽകൊണ്ടു് അണയ്ക്കുന്ന ഒരു മൃഗത്തിൻെറയും സാദൃശ്യം അയാൾക്കുണ്ടു്. ഈ ബസ്കണ്ടക്ടരും അതുപോലെതന്നെ

അണയ്ക്കുന്നുണ്ട്. അയാളുടെ നെററിത്തടത്തിലും വിയർപ്പിൻെറ മുത്തുമണികൾ കാണാം.

എൻെറ പിന്നിലെ സീററിൽ രണ്ടു ചെറുപ്പക്കാർ ഇരുന്നിരുന്നു. അവരിൽ ഒരാൾ കണ്ടക്ടർക്ക് ഒരു രൂപയെടുത്തുകൊടുത്ത് രണ്ടു ടിക്കററ് ആവശ്യപ്പെട്ടു. കണ്ടക്ടർ ഉടൻതന്നെ രണ്ടു 'ശീട്ട്' കീറി അവർക്കുകൊടുത്തു. ആ യുവാവ് ബാക്കി പണമാവശ്യപ്പെട്ടപ്പോൾ കണ്ടക്ടർ 'ഇപ്പോൾത്തരാ'മെന്നും പറഞ്ഞ്, അടുത്ത സ്റ്റോപ്പിൽ ഇറങ്ങാൻ ഭാവിക്കുന്ന രണ്ടുപേർക്ക് ടിക്കററ് കൊടുക്കാനായി വാതിൽക്കലേയ്ക്ക് ചെന്നു. അവരെ തടുത്തുനിർത്തി അയാൾ ടിക്കററു കൊടുക്കുകതന്നെ ചെയ്തു; അല്ലെങ്കിൽ അവർ പൈസകൂടാതെ ആ ബസ്‌യാത്ര നിർവ്വഹിക്കുമായിരുന്നു. അവിടെനിന്ന് ആ കണ്ടക്ടർ തിരിച്ചുവരുമ്പോൾ ഒരു തടിച്ച സിൻഡ്ധുകാരൻ അയാളെ വളഞ്ഞു് ഒരുറുപ്പികയുടെ നോട്ടുകൊടുത്ത് രണ്ടണയുടെ ടിക്കററ് ആവശ്യപ്പെട്ടു. അപ്പോഴേയ്ക്കും അടുത്ത സ്റ്റോപ്പായി. കണ്ടക്ടർ എല്ലാ പണിയും നിറുത്തിവച്ച് വേഗത്തിൽ വാതില്ക്കലേയ്ക്ക് ചെന്നു. ബസ്സു നിറഞ്ഞുകഴിഞ്ഞിരുന്നതിനാൽ തിക്കിക്കയറുന്ന യാത്രക്കാരെ തടയേണ്ടതുണ്ടായിരുന്നു. അവിടെയും രണ്ടാളിറങ്ങി; മദ്ധ്യവയസ്കയായ ഒരു സ്ത്രീ ഒരു കുട്ടിയെയുംകൊണ്ട് കയറുകയും ചെയ്തു. ആ സ്ത്രീ വിരൂപിണിയും തടിച്ചവളുമായിരുന്നതിനാൽ, ഒരു പുരുഷനും എഴുന്നേററ് അവൾക്ക് സീററുകൊടുക്കാൻ സന്നദ്ധനായില്ല. ആരും അവളുടെ വൃത്തികെട്ട കുഞ്ഞിനോട് 'ലോക്യം' പ്രദർശിപ്പിച്ചതുമില്ല. അവളുടെ സ്ഥാനത്ത് സുന്ദരിയായ ഒരു

യുവതിയായിരുന്നെങ്കിൽ, നാലഞ്ചാളുകളെങ്കിലും, അവളകത്തുകടന്ന ഉടനെ തങ്ങളുടെ സീററു് അവൾക്കായി ഒഴിച്ചുകൊടുക്കുമായിരുന്നു. അവളൊരു സീററിൽ ഇരുന്നാൽ ആ സുന്ദരനായ കുട്ടിയെ ആരെങ്കിലും തൻെറ മടിയിൽ ഇരുത്തുമായിരുന്നു. ആ നല്ല കുഞ്ഞിനു് പലരുടെയും ചുംബനലാളനങ്ങൾ ഏല്ക്കാൻ പററുമായിരുന്നു. ചിലർ ഈ അവസരത്തിൽ, ആ സ്ത്രീയിറങ്ങുന്ന സ്ഥലത്തുതന്നെ കുട്ടിയെയുംകൊണ്ടു് ഇറങ്ങും. എന്നിട്ടു് വർത്തമാനം പറഞ്ഞുകൊണ്ടു് ആ കുട്ടിയുടെ അമ്മയെ വീട്ടിൽ കൊണ്ടാക്കും. മാത്രമല്ല, അടുത്തദിവസത്തെ സദ്യയ്ക്കുള്ള നിമന്ത്രണംകൂടി സ്വീകരിച്ചു് തിരിച്ചുപോരും! പക്ഷേ, ഇവിടെ യാതൊന്നും ഉണ്ടായില്ല. സൗന്ദര്യമില്ലാത്ത അമ്മയും സൗന്ദര്യമില്ലാത്ത മകനും! ഇരുവരും തിരക്കിൽപ്പെട്ടു് യാത്രക്കാരുടെ ഉന്തുംതള്ളും സഹിച്ചുകൊണ്ടു് നിന്നു. ബസ് കണ്ടക്ടർ മടങ്ങിവന്നു് ആ 'സിൻഡ്'കാരനു് പതിന്നാലണ തിരികെ കൊടുത്തു. തുടന്നു് ആ ഭംഗിയില്ലാത്ത കുട്ടിക്കും തള്ളയ്ക്കുമുള്ള ടിക്കററു് മുറിച്ചു. അപ്പോഴാണു്, താൻ ആക്കോ പതിമ്മൂന്നണ ബാക്കി കൊടുക്കാനുണ്ടെന്നകാര്യം അയാൾക്കു് ഓർമ്മവന്നതു്. ഉടൻതന്നെ അയാൾ സഞ്ചിയിൽനിന്നു് പതിമ്മൂന്നണയെടുത്തു് എൻെറ അരികിലിരുന്ന ആ 'ഭിക്ഷാംദേഹി'യുടെ കൈയിൽ വച്ചുകൊടുത്തു.

നിമിഷനേരത്തേയ്ക്കു് അയാളുടെ കണ്ണുകളിൽ അത്ഭുതത്തിൻെറ ഭാവം തിരതല്ലിയെങ്കിലും പെട്ടെന്നതു മറഞ്ഞു. ഉത്തരക്ഷണത്തിൽ അയാളുടെ മുഷ്ടി ആ പതിമ്മൂന്നണയെ ഒതുക്കിപ്പിടിച്ചു. അയാളുടെ കൈയ് പാൻ്റിന്റെ

പോക്കററിലേയ്ക്കു് ചെല്ലുകയും അയാൾ പൂവ്വസ്ഥിതിയിൽ ഇരിക്കുകയും ചെയ്യു. ഒന്നും സംഭവിച്ചിട്ടില്ലെന്നു തോന്നും!

പിൻസീററിൽ ഇരുന്നിരുന്ന ചെറുപ്പക്കാർ ഇളംചുമപ്പുനിറത്തിലുള്ള സിൽക്കുഫ്റോക്കു ധരിച്ച പെൺകുട്ടിയെ പ്രശംസാപൂൎണ്ണമായ നയനങ്ങളാൽ നിരീക്ഷിച്ചു കൊണ്ടിരുന്നു. എത്രനേരമായി നിരീക്ഷിക്കുന്നു. അവരുടെ നയനങ്ങളിൽ എന്തു സൗന്ദയ്യം! എത്ര പൂക്കളാണവിടെ വിരിഞ്ഞതു്! എത്ര വസന്തമാണു് അവിടെ ചൊരിഞ്ഞതു്! ഉൽക്കണ്ഠയുടെ എത്രയെത്ര സമുദ്രങ്ങൾ, സുഗന്ധത്തിന്റെ എത്രയെത്ര ഉദ്യാനങ്ങൾ, സ്വപ്നങ്ങളുടെ എത്രയെത്ര സുവൎണ്ണപഞ്ജരങ്ങൾ, ആ നയനങ്ങളുടെ അഗാധതയിൽ മിന്നിമങ്ങിക്കൊണ്ടിരുന്നു! ആ രണ്ടുചെറുപ്പക്കാരും തങ്ങളുടെ പതിമ്മൂന്നണ മറെറാരുത്തന്റെ പോക്കററിൽ ചെന്നു വീഴുന്നതു കണ്ടില്ല. എന്തുകൊണ്ടെന്നാൽ, പതിമ്മൂന്നണയ്ക്കു് കാണാൻ കഴിയാത്ത ഒരു കാഴ്ചയാണു് അവരപ്പോൾ കണ്ടുകൊണ്ടിരുന്നതു്. പണം വളരെ പ്രധാനപ്പെട്ടതാണു്. പക്ഷേ, അതു് നരന്റെ നയനങ്ങളല്ല!

ഇതെല്ലാം ചെയ്തുവച്ചതു് ഒരു ക്ഷണനേരത്തെ സൗന്ദയ്യമാണു്! അടുത്ത നിമിഷത്തിൽ ആ സിൽക്കുഫ്റോക്കുകാരി തന്റെ സീററിൽ നിന്നെഴുന്നേററു് സാവധാനത്തിൽ വാതിൽക്കലേയ്ക്കു് നടന്നു. അവളുടെ സില്ക്കിന്റെ പ്രകാശം മങ്ങിയൊരു സുഗന്ധം മാതിരി ബസ്സിൽ പ്രസരിച്ചു. സന്ധ്യാസമയത്തെ ലാലിമപോലെ നാലുപാടും വ്യാപിച്ചു. അടുത്തക്ഷണത്തിൽ സൂൎയ്യൻ അസ്തമിച്ചു, ഇരുട്ടു

പരക്കുകയും ചെയ്യു. ചുരുങ്ങിയതു് ഈ രണ്ടുചെറുപ്പ ക്കാർക്കെങ്കിലും അങ്ങനെ തോന്നിക്കാണണം. അവരുടെ കണ്ണുകളിൽ ഇരുട്ടു വ്യാപിച്ചു, അല്പനേരത്തേയ്ക്കെങ്കിലും.

പക്ഷേ, രാത്രി ആയതോടുകൂടി ഓർമ്മയുംവന്നു! ആ കണ്ടക്ടർക്കു് ഒററയുറുപ്പിക കൊടുത്തിരുന്ന ചെറുപ്പക്കാര നു് തനിക്കു തിരികെ കിട്ടേണ്ടിയിരുന്ന പതിമ്മൂന്നണ യെപ്പററി ഓർമ്മവന്നു. ഈ ജീവിതത്തിലും അങ്ങനെത ന്നെയാണു സംഭവിക്കുന്നതു്. സൌന്ദര്യം നശിച്ചുപോകു മ്പോൾ പണം സ്മരണയിലുദിക്കുന്നു. പ്രേമം യാത്രപറയു മ്പോൾ പ്രതികാരം ഫണമുയർത്തുന്നു. യൌവനം കഴിഞ്ഞു പോകുമ്പോൾ, തത്വജ്ഞാനം തലയുയർത്തുന്നു. ജീവിത ത്തിൽനിന്നു നല്ലവസ്തുക്കൾ നഷ്ടപ്പെട്ടുമ്പോൾ, ദൂഷിച്ചവ ശേഷിക്കുന്നു. അല്ലയോ സില്ലുഫ്റോക്കേ, നീയെന്തിനേ ഈ ബസ്സിൽനിന്നിറങ്ങിപ്പോയതു്? നീ പോയിരുന്നി ല്ലെങ്കിൽ ഇപ്പോളുണ്ടായതു് ഉണ്ടാകുമായിരുന്നില്ല. ഇനി സംഭവിക്കാൻ പോകുന്നതും സംഭവിക്കുമായിരുന്നില്ല. നീ എന്തേ ഈ ബസ്സിൽവന്നു് ഇരിക്കാത്തതു്?......

അല്ലയോ കഥാകാരാ, നിങ്ങളെന്താണീ വിഡ്ഢിത്തം പറയുന്നതു്? എനിക്കു നിങ്ങളുടെ സില്ലുഫ്റോക്കിനെ നല്ല പരിചയമുണ്ടു്. ഇവളുടെ ശരിയായ പേരു് 'ജോസ ഫയിൻ കക് റീത്ത' എന്നാണു്. 'ബാന്ദ്ര'യിലാണു് ഇ വളുടെ താമസം. നിയമവിരുദ്ധമായി ചാരായം വില്ക്കലാ ണു് ഇവളുടെ പിതാവിനു് പണി. രണ്ടുതവണ ഇവൾ ജയിലിൽ പോയിട്ടുണ്ടു്, ഒരുതവണ ഭ്രൂണഹത്യ ചെയ്തി ട്ടുണ്ടു്. ഇവൾക്കു് പത്തു കാമുകന്മാരുണ്ടു്. പോപ്പുലർ

ഡാൻസിംഗ്ഹാളിൽ നൃത്തം പഠിപ്പിക്കയാണ് ഇവളുടെ തൊഴിൽ. ധനികരായ സേട്ടുമാരുടെ മൂഢരായ പുത്രന്മാരെ തന്റെ വലയിൽ കുടുക്കാനിവൾക്കു പ്രത്യേകവിരുതുണ്ട്. എപ്പോഴും കുടിക്കും. പച്ചയുള്ളി തിന്നുന്ന സ്വഭാവവും ഇവൾക്കുണ്ട്. എന്നിട്ട് നിങ്ങൾ അവളുടെ സുഗന്ധം പരത്താൻ ശ്രമിക്കുന്നു! ഇതെവിടത്തെ ന്യായമാണ്? അല്പമെങ്കിലും സത്യം പറയണ്ടേ?

എടാ വിഷമമേ! നീയെവിടെനിന്നു വന്നു? എന്റെ ഒഴുകുന്ന കഥാനദിക്കു ഭംഗം വരുത്തിയല്ലോ. നീ വന്ന് എല്ലാം തുലച്ചു. പഹയൻ! ഗെറ്റ് ഔട്ട്.

പിൻസീററിൽ ജന്നലിനടുത്തിരുന്ന ചെറുപ്പക്കാരൻ, അയാളുടെ പേരു് മോത്തിയെന്നാണ്, തന്റെ പോക്കററു തപ്പിനോക്കിയിട്ട് കൂട്ടുകാരനോടു ചോദിച്ചു: "ഗുൽസൻ, നീ ബാക്കി പൈസ മേടിച്ചോ?"

ഗുൽസൻ തന്റെ പോക്കററു പരിശോധിച്ചുകൊണ്ടു പറഞ്ഞു: "ഇല്ലല്ലോ."

"ഒന്നു് ഓത്തുനോക്കു."

"ഇതിലെന്താണ് ഓമ്മിക്കാനുള്ളതു്? നാമിരുവരും ആ പെൺകുട്ടിയെനോക്കി ഇരിക്കയല്ലായിരുന്നോ? സമയത്തിനു് ഓമ്മവന്നു, അല്ലെങ്കിൽ കാശു പോയേനെ..... ഏയ്, കണ്ടക്ടർ സർ."

ഈയവസരത്തിൽ, അഞ്ചാറു കണ്ടക്ടർമാർ തങ്ങളുടെ ജോലി അവസാനിപ്പിച്ച് വീട്ടിൽ പോകാനായി 'സാൻഡാക്രൂസി'ൽനിന്നു വണ്ടിയിൽ കയറിയിരുന്നു. അവരെല്ലാവരും സംസാരിച്ചുകൊണ്ടിരുന്നു. സഹാരൻ

പൂരിലെ കണ്ടക്ടർ അത്യധികം കഷ്ടപ്പാടനുഭവിക്കുന്നതാ യിത്തോന്നി. അയാളുടെ അമ്മയ്ക്കു സുഖക്കേടാണെന്നു വർത്ത മാനത്തിൽനിന്നു മനസ്സിലായി. മൂന്നു നാലു ദിവസമായിട്ട് ഒരുദിവസത്തെ അവധിക്കപേക്ഷിച്ചിട്ട് കിട്ടിയിട്ടില്ല. ഡാക്ടർ കുറിച്ചുകൊടുത്ത മരുന്നു വാങ്ങാനുള്ള പൈസയും അയാളുടെ കൈയിലില്ല. ഏഴു ദിവസത്തേയ്ക്കുള്ള മരുന്ന് എവിടെനിന്നു വാങ്ങും? നൂറു രൂപയാണ് പ്രതിമാസം കിട്ടുന്നതു്. ഈ രൂപകൊണ്ടെന്തൊക്കെവേണം! തുടർന്ന് അയാൾ നൂറു രൂപയുടെ ബഡ്ജറ്റു പറഞ്ഞുകേൾപ്പിച്ചു. മാസത്തിലെ അന്ത്യദിവസങ്ങളാണ്. അയാളുടെ പേ ഴ്സും കാലിയാകാറായിക്കഴിഞ്ഞു. ദരിദ്രന്മാരുടെ പേ ഴ്സ് മാസംതോറും മരിക്കുന്നു! ജീവിതത്തിൽ ഒന്നോ ര ണ്ടോ പ്രാവശ്യം മരിക്കുന്നതു് പ്രിയംകരമായിത്തോന്നാം. എങ്കിലും ഈ പ്രതിമാസമരണം അഭിലഷണീയമല്ലത ന്നെ. ജീവിതമൊരു തമാശയാണെന്നു തോന്നും. പ്രതിമാ സം നൂറു രൂപ വാങ്ങിക്കുന്ന ഈ കണ്ടക്ടറന്മാർപോലും— പലപല മഹൽക്കാര്യങ്ങളും നേടിയെടുക്കുന്ന സുസംഘടി തമായ സംഘടന ഇവർക്കുണ്ട്—ഇത്ര വിഷമിക്കുന്നു! സ ഹാരൻപൂർക്കാരൻകണ്ടക്ടർ കാര്യം തുടങ്ങിവച്ചതേയുള്ളു. കടന്നൽക്കൂട്ടിൽ കല്ലിട്ടതുപോലെയായി. എല്ലാ കണ്ടക്ടർ മാരും ദേഷ്യപ്പെട്ട് കമ്പനിയെ തെറിപറയാൻ തുടങ്ങി. ജീവിതത്തോടും, പരിതഃസ്ഥിതിയോടും, മാനേജരോടും, എന്നോടും, നിങ്ങളോടും പരാതിപറഞ്ഞുതുടങ്ങി. ഇവ രെന്തു മനുഷ്യരാണ്? ഞാനവരെനോക്കി ആലോചിച്ചു. ഇവർക്കു കമ്പനിയിൽനിന്നു ന്യായമായ ശമ്പളം കിട്ടു

ന്നുണ്ടു്, ഡ്രസ്സു കിട്ടുന്നുണ്ടു്, ക്ഷാമബത്തയും ലീവും ലഭിക്കുന്നുണ്ടു്. ഇനിയിവക്കെന്താണു വേണ്ടതു്? മരണമോ? ഈ തൊഴിലാളികളോടു് നിങ്ങൾ എത്രയ്ക്കാനുകൂല്യം കാണിക്കുമോ, അവരത്രയ്ക്കു തലയിൽക്കയറും. ഹും! എവിടെക്കിടന്ന ശപ്പന്മാരോ! ആ സഹാരൻപൂർക്കാരൻ പറഞ്ഞു തുടങ്ങി: "ഉള്ളതു പറയാമല്ലോ. പോക്കററിൽ ഒരുരൂപാ അഞ്ചണയുണ്ടു്. ഏഴുരൂപയുടെ ഇഞ്ചക്ഷൻ എങ്ങനെയെടുക്കും? ഇതു് അമ്മയുടെ ജീവന്മരണപ്രശ്നമാണു്!" കണ്ടക്ടരുടെ കണ്ണുകൾ നീരണിഞ്ഞു.

"ഏയ് മിസ്റ്റർ കണ്ടക്ടർ!" മോത്തി തൻെറ സീററിലിരുന്നു് ഉറക്കെ വിളിച്ചു: "ഒന്നിവിടെ വരണമല്ലോ."

"എന്തിനേ?"

"നിങ്ങൾക്കു് ഒരു രൂപ തന്നു. ഒന്നരയണയുടെ ടിക്കററു് എനിക്കു തന്നു. ഒന്നരയണയുടെ ടിക്കററു് ഇയാൾക്കും കൊടുത്തു. (ഗുൽസനെ ചൂണ്ടിയിട്ടു്) ബാക്കി പതിമ്മൂന്നണ തരൂ."

"പതിമ്മൂന്നണ നിങ്ങൾക്കു തന്നില്ലേ?" കണ്ടക്ടർ അത്ഭുതത്തോടെ ചോദിച്ചു.

"ഇല്ല. അപ്പോൾ ഭയങ്കരതിരക്കായിരുന്നു. ഇപ്പോൾ തരാമെന്നും പറഞ്ഞു് നിങ്ങൾ അങ്ങോട്ടു നടന്നു. ഇതുവരെയ്ക്കും തന്നില്ല. മൂന്നുനാലു സ്റ്റോപ്പു കഴിഞ്ഞു. ഇനിയെങ്കിലും തരൂ."

പെട്ടെന്നു് കണ്ടക്ടർക്കു് എന്തോ ഓർമ്മവന്നു. ആ പൈസ ആർക്കാണു കൊടുത്തതെന്നു് ഓർമ്മവന്നതുമില്ല.

അയാൾ പറഞ്ഞു: "എനിക്കു നല്ല ഓമ്മയുണ്ട്. ഞാൻ നിങ്ങൾക്കു ബാക്കി തന്നതാണു്."

ഇത്രയും പറഞ്ഞു് അയാൾ ഗുൽസൻെറ നേക്കു ചൂണ്ടിക്കാണിച്ചു. ഗുൽസൻ തലയാട്ടിക്കൊണ്ടു പറഞ്ഞു: "എനിക്കു നിങ്ങൾ പൈസ തന്നിട്ടില്ല."

"എന്നാൽ ഞാൻ നിങ്ങളുടെ ചെങ്ങാതിക്കായിരിക്കും തന്നതു്. എനിക്കു ശരിക്കോമ്മയുണ്ടു്."

രണ്ടു കണ്ടക്ടർമാർ അവിടേയ്ക്കെത്തി. അവർ പറഞ്ഞു: "ഇതിലിത്ര ദേഷ്യപ്പെടാൻ എന്തുള്ളു? നിങ്ങളുടെ പോക്കററൊന്നു പരിശോധിക്കു."

ഇതു കേട്ടയുടനെ മോത്തിയും ഗുൽസനും എഴുന്നേററു നിന്നു. ഇരുവരും പോക്കററു പുറത്തേയ്ക്കെടുത്തു. രണ്ടും കാലിയായിരുന്നു.

ഗുൽസൻ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു: "ഞങ്ങൾ 'നവബഹാർ' സ്ററുഡിയോവിലേയ്ക്കാണു് ടിക്കററെടുത്തതു്. ഞങ്ങളുടെ പക്കൽ ആകെ ഒരു രൂപയേ ഉണ്ടായിരുന്നുള്ളു." ഇതും പറഞ്ഞു് ഇരുവരും ഇരുന്നു. ഭാരിച്ച ജനക്കൂട്ടത്തിൽവച്ചു് അവരെ ആരോ അവമാനിച്ചതുപോലെ തോന്നി. ഇരുവരുടെ കൈയിച്ചുംകൂടി ഒരു രൂപയെ ഉള്ളു. രണ്ടുപേരും ചെറുപ്പക്കാർ, പവ്വറുകണ്ടാൽ സിനിമാനടന്മാരാണെന്നു തോന്നും. വൃത്തിയുള്ള വേഷവിധാനങ്ങൾ! അഭ്യസ്തവിദ്യരെങ്കിലും തൊഴിലില്ലാത്ത രണ്ടു ചെറുപ്പക്കാർ! അവരുടെ പോക്കററിൽ ഒരു രൂപാ മാത്രമേ ഉള്ളു! ഒരു നൂറുരൂപയുണ്ടായിരുന്നെങ്കിൽ, ആയിരം ഉണ്ടായിരുന്നെങ്കിൽ, ലക്ഷം ഉണ്ടായിരുന്നെങ്കിൽ,

അവർ ഈ പതിമ്മൂന്നണ ചോദിക്കുമായിരുന്നോ? പക്ഷേ, ഇപ്പോളിവക്കു് ചോദിക്കാതെവയ്യ; ഒരു രൂപയുണ്ടു്! രാത്രി നവബഹാർ സ്റ്റുഡിയോവിൽ ഷൂട്ടിംഗാണു്. ഈ ഒററ രൂപയിൽ രണ്ടുപേരുടെ ചായ, പനാമാസിഗററു്, ഊണു്, മടക്കത്തിനുള്ള ബസ്ചാർജ്ജ്—ഓരോ ചില്ലിയും അത്യാവശ്യമാണു്. യാതൊരു വിട്ടുവീഴ്ചയും പററില്ല. ഈ പതിമ്മൂന്നണ ഇവക്കു കിട്ടുകതന്നെ വേണം.

"ഞാൻ പതിമ്മൂന്നണ തന്നതാണല്ലോ." അമ്മയ്ക്കു് സുഖക്കേടായിക്കിടക്കുന്ന ബസ്കണ്ടക്ടർ കരയുന്ന സ്വരത്തിൽ പറഞ്ഞു.

"നിങ്ങളാക്കു കൊടുത്തു?" ഗുൽസൻ ദേഷ്യത്തോടെ ചോദിച്ചു.

കണ്ടക്ടർ അങ്ങോട്ടുമിങ്ങോട്ടും നോക്കി. അയാൾ ആരോട്ടു് എന്തു പറയാനാണു്?

ഞാൻ എൻെറ കൂട്ടുകാരൻെറ നേക്കു ശ്രദ്ധാപൂർവ്വം നോക്കിക്കൊണ്ടിരുന്നു. അയാൾ തൻെറ പാൻറിന്മേൽ കൈവെച്ചു് മിണ്ടാതിരിക്കുകയാണു്. അങ്ങോട്ടോ ഇങ്ങോട്ടോ നോക്കുന്നതേ ഇല്ല. ഈ സംഭവവുമായി അയാൾക്കു വിദൂരബന്ധംപോലും ഇല്ലെന്നു തോന്നും. അയാളുടെ ഒട്ടിയ കപോലങ്ങൾ കൂടുതൽ ഒട്ടിയതുപോലെ, അയാളുടെ തൊലി കൂടുതൽ ചുളിഞ്ഞതുപോലെ തോന്നി. അയാളുടെ ശ്വാസോച്ഛ്വാസം ദ്രുതതരമായി. അയാളുടെ കണ്ണുകളിൽ ഒരസാധാരണ പ്രകാശം കാണാം. അവ ഇങ്ങനെ പറയുന്നതായിത്തോന്നും: 'എൻെറ പക്കലുള്ള ഈ പതിമ്മൂന്നണ എൻ്റെ ജീവനാണു്; ഇതു് പതിമ്മൂന്നണയല്ല, ജീവിത

ത്തിന്റെ പതിമ്മൂന്നു ദിവസങ്ങളാണു്, പതിമ്മൂന്നു മാസങ്ങളാണു്, പതിമ്മൂന്നു വഷങ്ങളാണു്, പതിമ്മൂന്നു ശതാബ്ദങ്ങളാണു്, എൻേറതായ എല്ലാമാണു്, ഞാനിതു തരില്ല, ഒരിക്കലും തരില്ല.'

അയാളുടെ കൈ പാൻറിൻെറ പോക്കററിൽ മുറുകെ പിടിച്ചിരിക്കുന്നതായി എനിക്കു തോന്നി. അയാളുടെ ഒരു കാൽ മറേറ കാലിൽ, അരക്കിട്ടു് ഉറപ്പിച്ചതുപോലെ ഉറച്ചിരുന്നു.

ബസ്കണ്ടക്ടർ പറഞ്ഞു: "ഞാനെവിടെനിന്നു തരാനാണു്? ഞാൻ തന്നുകഴിഞ്ഞതാണു്. ഒന്നാമതു് എൻെറ കൈയിൽ സ്വന്തമായി പൈസയില്ല. പിന്നെ ഞാനെവിടെനിന്നു തരും?" അയാൾക്കു തൻെറ അമ്മയ്ക്കു മരുന്നുമേടിക്കേണ്ട കാര്യം ഓമ്മവന്നു. മുഖം കോപംകൊണ്ടു ചുമന്നു. അയാൾ ഗുൽസൻെറയും മോത്തിയുടെയും നേക്കു നോക്കിയിട്ടു പറഞ്ഞു: "നിങ്ങൾ അതെവിടെയെങ്കിലും കളഞ്ഞു കാണും."

"അതെ. ഞങ്ങൾ ബസ്സിൽനിന്നു് പുറത്തേയ്ക്കു് വലിച്ചെറിഞ്ഞു." മോത്തി പരിഹാസസ്വരത്തിൽ പറഞ്ഞു: "കൂടുതൽ സംസാരിക്കണ്ട. ഞങ്ങളുടെ പതിമ്മൂന്നണയിങ്ങു തരു."

"അമ്മയ്ക്കു് എവിടെനിന്നു മരുന്നു വാങ്ങും? ഒരുരൂപാ അഞ്ചണയാണെൻെറ ആകെ കൈമുതൽ." കണ്ടക്ടർ ആലോചിച്ചു: "ഇതിൽനിന്നു പതിമ്മൂന്നണ കൊടുത്താൽ ബാക്കിയെന്തുണ്ടു്?"

പതിമ്മൂന്നണ!

രാത്രി മുഴവൻ ഷൂട്ടിംഗ്! എക്സ്ട്രാസപ്ലയറുടെ തെറി കേൾക്കൽ, ഡയറക്ടരുടെ ശകാരങ്ങൾ, ഉറക്കമൊഴിച്ചിൽ, ചായ, കാൻറീനിലെ പരിപ്പ്, (പരിപ്പു കുറവും കല്ലു കൂടുതലും!) സിഗററ്റ്, വെററില മുറുക്കാൻ! എല്ലാററിനുംകൂടി ഈ പതിമ്മൂന്നണ കൊണ്ടാവുമോ? അല്ല, ഇതും കിട്ടിയില്ലെങ്കിലോ? എന്തുചെയ്യും?

പതിമ്മൂന്നണ! ഈ പതിമ്മൂന്നണ എൻെറ ജീവനാണ്! ഇതെൻെറയല്ലെങ്കിൽ പിന്നെ ആരുടെയാണ്?

പെട്ടെന്ന് ആ പതിമ്മൂന്നണ എൻെറ മുമ്പിൽവന്നു നൃത്തം തുടങ്ങി. അവ എന്നോടു ചോദിച്ചു: "ഞങ്ങൾ ആരുടെയാണ്, ആരുടെയാണ്? നിങ്ങൾക്കറിയാമെങ്കിൽ പറഞ്ഞുതരു. ഞങ്ങൾ ആരുടെയാണ്?"

ആ പതിമ്മൂന്നണയുംകൂടി ബ്ളേഡിൻെറ മുനപോലെ ഒരുമിച്ചുകൂടി. എത്രപേരുടെ ജീവിതമാണ് അതിന്മേൽനിന്നു നൃത്തം ചെയ്യുന്നത്! ഒരു ബസ്കണ്ടക്ടർ, ഒരു പിച്ചക്കാരൻ, രണ്ടു തൊഴിലില്ലാത്തവർ!

പതിമ്മൂന്നണമാത്രം!

അയ്യായിരംകൊല്ലത്തെ സംസ്കാരം, അജന്ത, എല്ലോറ, ദയാധർമ്മങ്ങൾ, ചിന്തനം, മനനം, കൾച്ചറൽ ഡെലിഗേഷൻ, കഥകളി, മുസ്ലീംസംസ്കാരം, ആര്യസംസ്കാരം!

ഝംഡാ ഊംചാ രഹേ ഹമാരാ!

കേവലം പതിമ്മൂന്നണ!

ബസ്കണ്ടക്ടറുടെ മുഖം മങ്ങി. അയാൾ പതുക്കെ തൻെറ ബാഗിൽനിന്നു് പതിമ്മൂന്നണയെടുത്തു് എണ്ണി,

തൻെറ മാതാവിൻെറ അന്തിമശ്വാസങ്ങളെണ്ണുന്നതു പോലെ.

മോത്തി ഉടനെ ആ പണം വാങ്ങിച്ചു പോക്കററിലിട്ടു. തുടൎന്നു മോത്തിയും ഗ്രൽസനും ശൂന്യതയിലേയ്ക്കുനോക്കാൻ തുടങ്ങി; ബസ്സിൽ തങ്ങളല്ലാതെ ആരുമില്ലെന്നു തോന്നും.

എൻെറ അരികിലിരുന്ന ദുർബലനായ മനുഷ്യൻ ഉള്ളിൽ ഒരു ദീർഘശ്വാസം വിട്ടു. എന്നിട്ടു പൂൎവ്വസ്ഥിതിയിലിരുന്നു. അയാളുടെ മുഖം കടലാസ്സുപോലെ വെളുത്തു പോയി.

ഞാൻ കടക്കണ്ണുകൊണ്ടയാളെ നോക്കി; എനിക്കു് അയാളോടു കഠിനമായ വെറുപ്പുതോന്നി. ഇവനാണു് കള്ളൻ, ഇവനാണു് കള്ളൻ! ഇവൻ രക്ഷപ്പെട്ടിരിക്കുന്നു! അയാൾ കള്ളനാണെന്നു വിളിച്ചുപറഞ്ഞാലോ എന്നു് എനിക്കു തോന്നി. അയാളെ അറസ്ററുചെയ്യുവാൻ എൻെറയൊരു വാക്കുമതി. എങ്കിലും എന്തുകൊണ്ടോ, ആ വാക്കു് എൻെറ വായിൽനിന്നു വന്നില്ല. ഞാൻ മിണ്ടാതെ അയാളുടെ അടുത്തു് ഇരുന്നു. ഈ സംഭവത്തിനുശേഷം, ബസ്സിൽ ആരും ആരോടും ഒന്നും പറഞ്ഞില്ല. കണ്ടക്ടരും മിണ്ടിയില്ല. ചെറുപ്പക്കാരും, മററു യാത്രക്കാരും മൂകരായിരുന്നു. എല്ലാവരും അവരവരുടെ സ്ഥാനത്തു് ഇരുന്നു് എന്തോ ആലോചിച്ചുകൊണ്ടിരുന്നു.

അപ്പോഴേയ്ക്കും 'അന്ധേരി' ബസ്സ്റ്റോപ്പുവന്നു. ആ മെലിഞ്ഞ മനുഷ്യൻ ഒരു കൈ പാൻറിൻെറ പോക്കററിൽ മുറുകെപ്പിടിച്ചു്, മറേറ കൈകൊണ്ടു ബസ്സിൻെറ ഇരുമ്പു

കമ്പിയിൽ പിടിച്ചുകൊണ്ടു തൊങ്ങുന്ന കാലുകളോടെ ഇറങ്ങിപ്പോയി. ഞാനും അന്ധേരിയിലിറങ്ങി അയാളുടെ പിന്നാലെ നടന്നു. അയാളുടെ ദുഷ്പ്രവൃത്തിയെപ്പററി ഞാനെങ്കിലും അറിഞ്ഞിട്ടുണ്ടെന്ന കാര്യം അയാളെ അറിയിക്കണമെന്നു ഞാൻ വിചാരിച്ചു. ഒരു തവണയെങ്കിലും അയാളെ കള്ളനെന്നു വിളിക്കണമെന്നു ഞാൻ മോഹിച്ചു.

അയാൾ വേഗത്തിൽനടന്നു് അന്ധേരി സ്റ്റേഷനിലേയ്ക്കു തിരിഞ്ഞു. ആ തിരിവിൽ ഒരു കടലക്കാരൻ ഇരിപ്പുണ്ടായിരുന്നു. ഓടിയിട്ടെന്നപോലെ അയാൾ കടലക്കാരൻെറ അട്ടത്തെത്തി രണ്ടണയുടെ കടലയ്ക്കു വാങ്ങിച്ചു. മാസങ്ങളായി വിശന്നുവലഞ്ഞ ഒരു കാട്ടുമൃഗം ഇരയിൽ പല്ലമർത്തുന്നതുപോലെ അയാൾ കടല തിന്നുന്നതിലേർപ്പെട്ടു. അയാളുടെ നയനങ്ങളിൽ വേറൊന്നുമില്ല—വിശപ്പു്! വിശപ്പുമാത്രം!

ഞാനയാളുടെ സമീപത്തുക്കൂടി കടന്നുപോയപ്പോൾ, അയാളോട്ടു് എന്തെങ്കിലും പറയുന്നതിനുമുമ്പു് അയാൾ എൻെറനേക്കുനോക്കി ചിരിച്ചു. എന്നിട്ടു തൻെറ നീണ്ടു മെലിഞ്ഞ വിരൽ എൻെറനേക്കു ചൂണ്ടിക്കൊണ്ടു പതുത്ത സ്വരത്തിൽ പറഞ്ഞു: "കള്ളൻ!"

★

SAHITHYA VI... AYATHIL KILIKOLLOOR P.O. QUILON ... SPORTS CLUB & ...

AYATHIL,
KILIKOLLOOR
QUILON.
SPORTS CLUB & G

# പുതിയ പുസ്തകങ്ങൾ

| | |
|---|---|
| എം. പി. പോൾ–മിസ്സിസ് എം. പി. പോൾ | 1.50 |
| മൺകോലങ്ങൾ–വിവർത്തകൻ: അഭയദേവ് | 2.00 |
| പൗരനും ഭരണഘടനയും–എം. രത്നസ്വാമി | 1.00 |
| കട്ടവാക്കേളു–നാഗവള്ളി | 1.25 |
| അനാഥബാലിക–സി. എ. കിട്ടുണ്ണി | 1.00 |
| നവീനനാടകാദർശം–മേക്കൊല്ല | 3.50 |
| വൃത്താന്തപത്രപ്രവർത്തനം–സ്വദേശാഭിമാനി | 2.50 |
| കാട്ടുപൂച്ചകൾ–എൻ. പി. | 1.50 |
| പദ്ധതികൾ അങ്ങനെ പുരോഗമിക്കുന്നു–എൻ. പി. | 1.75 |
| അനിയത്തിയും ചേട്ടത്തിയും–പയ്യംപള്ളി | 3.00 |
| നോത്ര്ദാമിലെ കൂനൻ–വിക്ടർ യൂഗോ | 7.00 |
| ഇടുങ്ങിയ വാതിൽ–ആന്ദ്രേജീദ് | 2.25 |
| പ്രവാഹം–പി. കേശവദേവ് | 1.00 |
| വിടവാങ്ങൽ–ബൽസാക്ക് | 1.00 |
| അമൃതാഞ്ജനം–ആനന്ദക്കുട്ടൻ | 1.25 |
| കളിയല്ല–പി. കെ. രാജരാജവർമ്മ | 1.25 |
| മനുഷ്യരും നദികളും–ഹുമയൂൺ കബീർ | 3.00 |
| നിഴൽ–തിരുവല്ലാ എൻ. കേശവപിള്ള | 1.00 |
| പത്മരാഗം–എസ്. കെ. പൊറ്റെക്കാട്ട് | 1.50 |
| മധുരനാരങ്ങ–വേളൂർ കൃഷ്ണൻകുട്ടി | 1.75 |
| ശ്യാമള–കുറുപ്പംവീട്ടിൽ ഗോപാലപിള്ള | 1.00 |
| ഗ്രാമസീമ—തിരുനയിനാർകുറിച്ചി | 1.50 |
| പഴയതും പുതിയതും–വൈക്കം ചന്ദ്രശേഖരൻനായർ | 1.50 |
| ചരിത്രകേരളം–പി. എ. സെയ്തുമുഹമ്മദ് | 1.00 |

**നാഷനൽ ബുക്ക്സ്റ്റാൾ**

കോട്ടയം തിരുവനന്തപുരം